©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XII

## (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും

## (HEALTH AND FAMILY WELFARE)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2022 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2022)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2022 ജൂലൈ 18-ാം തീയതി സമർപ്പിച്ചത്
(Presented on 18th July, 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII

# (SUBJECT COMMITTEE XII)

# ആരോഗ്യവും കുടുംബക്ഷേമവും

# (HEALTH AND FAMILY WELFARE)

# പീരിയോഡിക്കൽ റിപ്പോർട്ട്

(2022 മാർച്ച് 31 വരെയുള്ളത്)

# (PERIODICAL REPORT AS ON 31st MARCH, 2022)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

922/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 15 |

# സബ്ജക്ട് കമ്മിറ്റി XII

# (ആരോഗ്യവും കുടുംബക്ഷേമവും)

# (2021-2023)

**ഘടന**

ചെയർപേഴ്സൺ :

ശ്രീമതി വീണാ ജോർജ്ജ്,

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. ബി. റെജി, അഡീഷണൽ സെക്രട്ടറി

ശ്രീ. സെൽവരാജൻ പി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. പുഷ്പാംഗദൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII- ന്റെ അദ്ധ്യക്ഷയായ ഞാൻ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, പതിനഞ്ചാം കേരള നിയമസഭയുടെ 26- ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം 2021 ജൂൺ 7-ന് രൂപീകൃതമായി. സമിതിയിൽ 10 അംഗങ്ങളാണുള്ളത്.

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 16-6-2021, 1-7-2021, 29-10-2021, 15-3-2022 എന്നീ തീയതികളിലായി സമിതി 4 യോഗങ്ങൾ ചേരുകയുണ്ടായി. 16-6-2021-ലെ യോഗത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XVIII, XIX, XX, XXX എന്നിവ പരിഗണിച്ചു.

1-7-2021-ലെ യോഗത്തിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII- ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരടും 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും അംഗീകരിച്ചു. 29-10-2021-ലെ യോഗത്തിൽ 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. 15-3-2022-ലെ യോഗത്തിൽ കരട് ചട്ടങ്ങൾ, ഡിലേ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിച്ചു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ, രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ, മൂന്നാം അദ്ധ്യായത്തിൽ സമിതി

പരിഗണിച്ച ചട്ടങ്ങളുടെയും എസ്.ആർ.ഒ.-കളുടെയും വിശദാംശങ്ങൾ, നാലാം അദ്ധ്യായത്തിൽ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ചുള്ള വിശദാംശങ്ങൾ, അഞ്ചാം അദ്ധ്യായത്തിൽ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ, ആറാം അദ്ധ്യായത്തിലെ (a) ഭാഗത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ചുള്ള സംഗ്രഹം (b) ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ, ഡിലേ സ്റ്റേറ്റ്മെന്റ് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

14-7-2022-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**വീണാ ജോർജ്ജ്,**
*ചെയർപേഴ്സൺ,*
*സബജ്ക്ട് കമ്മിറ്റി XII*

തിരുവനന്തപുരം,
2022 ജൂലൈ 14.

# റിപ്പോർട്ട്

## അദ്ധ്യായം 1

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2021 ജൂലൈ 1-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2021 ജൂലൈ 1- ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 ജൂലൈ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2021 ജൂലൈ 1-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 ജൂലൈ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2021- ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2021 ഒക്ടോബർ 29-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 2021 നവംബർ 2-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. 2021- ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 2021 ഒക്ടോബർ 29-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 നവംബർ 2-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021- ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിങ്ങനെ രണ്ട് ബില്ലുകളാണ് ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ലഭിച്ചിട്ടുള്ളത്. ഇവ രണ്ടും ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ /എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

1. കേരള ഹെൽത്ത് സർവ്വീസസ് (മെഡിക്കൽ ഓഫീസേഴ്സ്) സ്പെഷ്യൽ റൂൾസ് ഭേദഗതി ചട്ടം 2020-ന്റെ കരട്.

2. ഭാരതീയ ചികിത്സാ വകുപ്പിലെ സബോർഡിനേറ്റ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചട്ടത്തിന്റെ കരട്.

3. ഭാരതീയ ചികിത്സാ വകുപ്പ് സ്പെഷ്യൽ റൂൾസിൽ ചട്ടം 4-ലെ യൂണിറ്റ് III-ന്മേലുള്ള ഭേദഗതി ചട്ടത്തിന്റെ കരട്.

4. കേരള ഹ്യൂമൻ ഇമ്മ്യൂണോഡെഫിഷ്യൻസി വൈറസ് ആന്റ് അക്വയേർഡ് ഇമ്മ്യൂൺ ഡെഫിഷ്യൻസി സിൻഡ്രോം റൂൾസിന്റെ കരട്.

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി എസ്. ആർ.ഒ.-കൾ ലഭ്യമായിട്ടില്ല.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

ഈ കാലയളവിൽ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം, പ്രത്യേക വിഷയം സംബന്ധിച്ച യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം V

## നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ല.

## അദ്ധ്യായം VI

(a) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

| റിപ്പോർട്ടിലെ ശിപാർശകളുടെ ആകെ എണ്ണം - 67 | മറുപടി ലഭിക്കാനുള്ള ശിപാർശകൾ |
|---|---|
| ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | 1 മുതൽ 31 വരെ, 67 |
| ആയുഷ് വകുപ്പ് | 32 മുതൽ 66 വരെ |

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)

(ഫയൽ നം: 3627/ സബ്.സി.എഫ്2/2019/നി.സെ)

ശിപാർശ

2210-05-001-93(31)—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ - ശമ്പളം

മെഡിക്കൽ സർവ്വകലാശാലയിലെ ശമ്പള ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം സർവ്വകലാശാലയുടെ സ്വന്തം ഫണ്ടിൽ നിന്നാണ് അധിക തുക കണ്ടെത്തിയത്. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8.26 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 22)

സ്വീകരിച്ച നടപടി

കേരള ആരോഗ്യ സർവ്വകലാശാലയുടെ ശമ്പള ഇനത്തിൽ 2019-20 സാമ്പത്തിക വർഷം 2210-05-001-93(31) Non-Plan Salary എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2.20 കോടി രൂപയുടെ 50% ആയ 1.10 കോടി രൂപ 20-12-2019-ലെ സ.ഉ.(സാധാ)നം.3064/2019/ആകുവ പ്രകാരം അനുവദിച്ചിട്ടുണ്ടെന്നും 15-6-2019-ന് ശേഷമുള്ള ചെലവുകൾ പെൻഡിങ്ങിലായിരുന്നോ, പെൻഡിങ്ങ് എത്ര, ഒരു മാസത്തെ ശരാശരി ചെലവ്, ഇനിയുള്ള മാസങ്ങളിൽ ഈ ശീർഷകങ്ങളിൽ എത്ര തുക ആവശ്യമായി വരും, ആയതിന്റെ split-up, ശമ്പളയിനത്തിൽ ഒരു മാസം ആവശ്യമായി വരുന്ന തുക, Pending salary- യുടെ വിശദാംശങ്ങൾ, own fund-ൽ നിന്നും ഇതേവരെ എത്ര ചെലവായി, കഴിഞ്ഞ സാമ്പത്തിക വർഷം ടി ശീർഷകത്തിൽ നിന്നും അനുവദിച്ച തുകയുടെ Utilisation

Certificates എന്നിവ കേരള ആരോഗ്യ സർവ്വകലാശാല ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ച് ഇടക്കാല മറുപടി നൽകിയിരുന്നു. തുടർന്ന് കേരള ആരോഗ്യ സർവ്വകലാശാലയിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, 2.20 കോടി രൂപയുടെ ബാക്കി തുകയായി 1.10 കോടി രൂപ 31-3-2020-ലെ സ.ഉ (സാധാ) നം.680/2020/ആകുവ പ്രകാരം സർവ്വകലാശാലയ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

(സർക്കാർ കത്ത് നമ്പർ ബി.296/2019/ആകുവ, തീയതി 16-11-2021)

<u>ശിപാർശ</u>

2210-06-104-98—<u>മരുന്നു പരിശോധനശാല</u>

പുതിയതായി ആരംഭിക്കുന്ന തൃശ്ശൂർ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് അനുവദിച്ച തസ്തികകളിലേയ്ക്കുള്ള ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക, കൺസോളിഡേറ്റഡ് പേ, ദിവസവേതനം എന്നിവയ്ക്കും വൈദ്യുതി ചാർജ്, വെള്ളക്കരം എന്നീ ഇനങ്ങളിലേയ്ക്കും നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ താഴെ കാണിച്ചിരിക്കുന്ന തുകകൾ താഴെ പറഞ്ഞിട്ടുള്ള ശീർഷകങ്ങളിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 25)

2210-06-104-98-01-1 – ശമ്പളം - 1,089 കോടി രൂപ

2210-06-104-98-01-2 - ക്ഷാമബത്ത - 16.33 ലക്ഷം രൂപ

2210-06-104-98-01-3 - വീട്ടുവാടക - 3.03 ലക്ഷം രൂപ

2210-06-104-98-02-4- കൺസോളിഡേറ്റഡ് പേ - 5.05 ലക്ഷം രൂപ

2210-06-104-98-02-5 - ദിവസവേതനം - 3.36 ലക്ഷം രൂപ

2210-06-104-98-05-2 - വൈദ്യുതിചെലവ് - 7 ലക്ഷം രൂപ

2210-06-104-98-05-1 - വെള്ളക്കരം -50,000 രൂപ

<u>സ്വീകരിച്ച നടപടി</u>

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം അധിക തുക അനുവദിച്ചിട്ടില്ല. എന്നാൽ 2019-20 സാമ്പത്തിക വർഷം ധനപുനഃവിനിയോഗം വഴി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ചുവടെ പറയും പ്രകാരം തുക അനുവദിച്ചിരുന്നു.

2210-06-104-98-01-1 - ശമ്പളം - 1,04,61,000 രൂപ

2210-06-104-98-01-2 - ക്ഷാമബത്ത - 9,04,000 രൂപ

2210-06-104-98-02-4 - കൺസോളിഡേറ്റഡ് പേ - 2,37,000 രൂപ

2210-06-104-98-02-5 - ദിവസവേതനം - 1,80,000 രൂപ

2210-06-104-98-05-2 - വൈദ്യുതി ചെലവ് - 7,36,000 രൂപ

2210-06-104-98-05-1 - വെള്ളക്കരം - 88,000 രൂപ.

(സർക്കാർ കത്ത് നമ്പർ എഫ്1/248/2019/ആരോഗ്യം, തീയതി 20-4-2021)

<u>ശിപാർശ</u>

2210-06-104-99-21-01—<u>ഔഷധ നിയന്ത്രണ കാര്യാലയം- മോട്ടോർ വാഹനങ്ങൾ-വാഹനം- വാങ്ങൽ</u>

എറണാകുളം അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിലേക്ക പുതിയ ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി നടപ്പു സാമ്പത്തിക വർഷം തുകയൊന്നും അനുവദിക്കാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 26)

<u>സ്വീകരിച്ച നടപടി</u>

നിലവിലെ സാമ്പത്തിക ഞെരുക്കം കാരണം നിർദ്ദേശം മാറ്റി വയ്ക്കപ്പെട്ടു.

(സർക്കാർ കത്ത് നമ്പർ എഫ്1/380/2018/ ആകുവ തീയതി 27-10-2020)

<u>ശിപാർശ</u>

2210-02-001-99-05-02—<u>ആയുർവ്വേദം ഭാരതീയ ചികിത്സാ രീതി ഡയറക്ടറുടെ കാര്യാലയം- ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്</u>

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ വൈദ്യുത ചെലവിനത്തിനായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 30)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 1/322/2019/ആയുഷ്, തീയതി 11-1-2021)

ശിപാർശ

2210-02-001-98-45—ആയുർവ്വേദ ജില്ലാ മെഡിക്കൽ ഓഫീസ്  ഇന്ധനച്ചെലവ്

ആയുർവ്വേദ ജില്ലാ മെഡിക്കൽ ഓഫീസിന് ഇന്ധനചെലവിനത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 31)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 1/322/2019/ആയുഷ്, തീയതി 11-1-2021)

ശിപാർശ

2210-02-101-97-04-1—മറ്റാശുപത്രികളും ഡിസ്പെൻസറികളും -യാത്രാബത്ത

ആയുർവ്വേദ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യാത്രാബത്തയുടെ ചെലവിനത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 32)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 1/322/2019/ആയുഷ്, തീയതി 11-1-2021)

ശിപാർശ

2210-02-191-50-24—കോർപ്പറേഷനുകൾക്കുള്ള ധനസഹായം-  സാധനസാമഗ്രികൾ.

2210-02-192-50-24—മുൻസിപ്പാലിറ്റികൾക്കുള്ള  ധനസഹായം- സാധനസാമഗ്രികൾ.

2210-02-196-50-24—ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം-സാധനസാമഗ്രികൾ.

2210-02-197-50-24—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം-സാധനസാമഗ്രികൾ.

കോർപ്പറേഷൻ-മുൻസിപ്പാലിറ്റി- ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലായി പതിനാല് ജില്ലകളിലെ ആയുർവ്വേദ സ്ഥാപനങ്ങളിലെയും ആശുപത്രികളിലെയും രോഗികൾക്ക് ഒരു രോഗിക്ക് 75 രൂപ നിരക്കിൽ ആഹാരചെലവിനും ഭക്ഷണം, കഷായം എന്നിവ പാചകം ചെയ്യുന്നതിനുള്ള ഇന്ധനചെലവിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ താഴെകാണിച്ചിരിക്കുന്ന പ്രകാരമുള്ള തുകകൾ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-191-50-24- കോർപ്പറേഷനുകൾക്കുള്ള ധനസഹായം

സാധനസാമഗ്രികൾ -5 ലക്ഷം രൂപ

2210-02-192-50-24 - മുൻസിപ്പാലിറ്റികൾക്കുള്ള ധനസഹായം

സാധനസാമഗ്രികൾ -70 ലക്ഷം രൂപ

2210-02-196-50-24 - ജില്ലാ പഞ്ചായത്തുകൾക്കുള്ള ധനസഹായം

സാധനസാമഗ്രികൾ - 40 ലക്ഷം രൂപ

2210-02-197-50-24- ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ധനസഹായം-

സാധനസാമഗ്രികൾ - 12.40 ലക്ഷം രൂപ

(ഖണ്ഡിക നമ്പർ 33)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 1/322/2019/ആയുഷ്, തീയതി 11-1-2021)

<u>ശിപാർശ</u>

4210-03-101-79—<u>പുതിയ ഗവൺമെന്റ് ആയുർവ്വേദ കോളേജ്</u>

ഇടുക്കി ജില്ലയിൽ പുതിയ ആയുർവ്വേദ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി അനുവദിച്ച സർക്കാർ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തത് പ്രസ്തുത പദ്ധതിയുടെ തുടർനടത്തിപ്പിനെ ബാധിക്കുമെന്നതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 34)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

ശിപാർശ

2210-05-101-49—പുതിയ ഗവൺമെന്റ് ആയുർവ്വേദ കോളേജ്

ഇടുക്കിയിലെ പുതിയ ആയുർവ്വേദ മെഡിക്കൽ കോളേജിന്റെ തുടർ പ്രവർത്തനത്തിന് നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 35)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

ശിപാർശ

2210-02-101-99—കോളേജ് ആശുപത്രികളും പ്രസവ വാർഡും തിരുവനന്തപുരം

തിരുവനന്തപുരം ആയുർവ്വേദ കോളേജ് ആശുപത്രിയിലും പ്രസവവാർഡിലും കരാർ അടിസ്ഥാനത്തിലും ദിവസ വേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനുള്ള തുകയും, വെള്ളക്കരം, ഇന്ധനചെലവ് മുതലായ ദൈനംദിന ചെലവുകൾക്ക് അനുവദിച്ച തുകയും അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-99-02-4-വേതനം-കൺസോളിഡേറ്റഡ് പേ - 3.03 ലക്ഷം രൂപ

2210-02-101-99-02-5-വേതനം - ദിവസവേതനം - 2.07 ലക്ഷം രൂപ

2210-02-101-99-05-1-ഓഫീസ് ചെലവുകൾ - വെള്ളക്കരം - 12 ലക്ഷം രൂപ

2210-02-101-99-05-4-ഓഫീസ് ചെലവുകൾ- മറ്റിനം - 1 ലക്ഷം രൂപ

2210-02-101-99-34-03-മറ്റു ചെലവുകൾ - മറ്റിനം - 3 ലക്ഷം രൂപ

2210-02-101-99-45-ഇന്ധന ചെലവ് - 1.3 ലക്ഷം രൂപ

(ഖണ്ഡിക നമ്പർ 36)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

ശിപാർശ

2210-05-101-95—ആയുർവ്വേദ മെഡിക്കൽ കോളേജ് തിരുവനന്തപുരം

തിരുവനന്തപുരം ആയുർവ്വേദ മെഡിക്കൽ കോളേജിലെ വെള്ളക്കരം, ജീവനക്കാരുടെ അവധിയാത്ര ആനുകൂല്യം, പാർട്ട്ടൈം ജീവനക്കാർക്കുള്ള സി.സി.എ., വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് ഉടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-95-02-3 - വേതനം - മറ്റ് അലവൻസുകൾ - 6,000 രൂപ

2210-05-101-95-04-4 - യാത്രാ ചെലവുകൾ - അവധിയാത്രാനുകൂല്യം -7 ലക്ഷം രൂപ

2210-05-101-95-05-01 - ഓഫീസ് ചെലവുകൾ - വെള്ളക്കരം - 6 ലക്ഷം രൂപ

2210-05-101-95-12 - സ്കോളർഷിപ്പും സ്റ്റൈപ്പന്റും - 2 കോടി രൂപ

(ഖണ്ഡിക നമ്പർ 37)

സ്വീകരിച്ച നടപടി

2210-05-101-95-12-സ്കോളർഷിപ്പ് & സ്റ്റൈപ്പന്റും എന്ന ശീർഷകത്തിൽ 71 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

ശിപാർശ

2210-05-101-93-05-1—ആയുർവ്വേദ പ്രാദേശിക ഗവേഷണ കേന്ദ്രം- ഓഫീസ് ചെലവുകൾ- വെള്ളക്കരം

തിരുവനന്തപുരത്തുള്ള ആയുർവ്വേദ പ്രാദേശിക ഗവേഷണ കേന്ദ്രത്തിന് 1.5 ലക്ഷം രൂപ വെള്ളക്കര കുടിശ്ശികയുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 38)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

<u>ശിപാർശ</u>

2210-02-101-85—<u>പഞ്ചകർമ്മ ആശുപത്രിയുടെ വികസനം - വെള്ളക്കരം -ടെലിഫോൺ ചെലവ്</u>

തിരുവനന്തപുരം പഞ്ചകർമ്മ ആശുപത്രിയിലെ വെള്ളക്കരത്തിനും, ടെലിഫോൺ ചാർജ്ജിനത്തിനുള്ള ചെലവുകൾക്കും മുൻ വർഷങ്ങളിലെ കുടിശ്ശിക ഒടുക്കുന്നതിനും നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-02-101-85-05-1 എന്ന ശീർഷകത്തിൽ 9 ലക്ഷം രൂപയും 2210-02-101-85-05-3 എന്ന ശീർഷകത്തിൽ 10,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 39)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

<u>ശിപാർശ</u>

2210-02-101-96-<u> ആയുർവ്വേദ ഫാർമസി- വെള്ളക്കരം- സാധനസാമഗ്രികൾ</u>

തിരുവനന്തപുരം ആയുർവ്വേദ ഫാർമസിയുടെ 1.5 ലക്ഷം രൂപ വെള്ളക്കര കുടിശ്ശിക തീർക്കുന്നതിനും സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-02-101-96-05-1 എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും 2210-02-101-96-24 എന്ന ശീർഷകത്തിൽ 7 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 40)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

<u>ശിപാർശ</u>

2210-02-101-94-05-1—<u>ഔഷധസസ്യപഠനകേന്ദ്രം - വെള്ളക്കരം</u>

തിരുവനന്തപുരത്തെ ഔഷധസസ്യ പഠനകേന്ദ്രത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 1.5 ലക്ഷം രൂപ വെള്ളക്കര കുടിശ്ശിക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 41)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

<u>ശിപാർശ</u>

2210-02-101-78—<u>ആയുർവ്വേദ കോളേജ് ആശുപത്രി, കണ്ണൂർ - വേതനം-ദിവസവേതനം, യാത്രാചെലവുകൾ - യാത്രാബത്ത</u>

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയിൽ സാനിട്ടേഷൻ വർക്കർ, ലാബ് ടെക്നീഷ്യൻ തുടങ്ങിയ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനും, സർക്കാർ യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ, ഇന്റേണൽ ഓഡിറ്റിനു നിയോഗിക്കപ്പെടുന്ന ജീവനക്കാർ തുടങ്ങിയവർക്ക് യാത്രാബത്ത അനുവദിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-02-101-78-02-5 ദിവസവേതനം എന്ന ശീർഷകത്തിൽ 9.15 ലക്ഷം രൂപയും 2210-02-101-78-04-1 യാത്രാബത്ത എന്ന ശീർഷകത്തിൽ 28,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 42)

<u>സ്വീകരിച്ച നടപടി</u>

2210-02-101-78-02-5 ദിവസവേതനം ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 5,78,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

<u>ശിപാർശ</u>

2210-05-101-79—<u>ഗവൺമെന്റ് ആയുർവ്വേദ കോളേജ് കണ്ണൂർ</u>

കണ്ണൂർ ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ പാർട്ട് ടൈം ജീവനക്കാർക്കുള്ള ശമ്പളം കരാർ-ദിവസവേതന ജീവനക്കാരുടെ വേതനം, ജീവനക്കാരുടെ യാത്രബത്ത, കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള വൈദ്യുത ചെലവുകൾ ജനറേറ്ററുകളുടെയും മോട്ടോർ വാഹനങ്ങളുടെയും ഇന്ധനചെലവ്, വാടക തുടങ്ങിയവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-05-101-79-02-1 ശമ്പളം | - | 1 ലക്ഷം രൂപ |
| 2210-05-101-79-02-4 കൺസോളിഡേറ്റഡ് പേ | - | 13.38 ലക്ഷം രൂപ |
| 2210-05-101-79-02-5 ദിവസവേതനം | - | 4.5 ലക്ഷം രൂപ |
| 2210-05-101-79-04-1-യാത്രാബത്ത | - | 2.27 ലക്ഷം രൂപ |
| 2210-05-101-79-06- വാടക കരം നികുതി | - | 83,000 രൂപ |
| 2210-05-101-79-45-പി.ഓ.എൽ. | - | 52,000 രൂപ |

(ഖണ്ഡിക നമ്പർ 43)

<u>സ്വീകരിച്ച നടപടി</u>

2210-05-101-79-02-4 കൺസോളിഡേറ്റഡ് പേ എന്ന ശീർഷകത്തിൽ 13,29,000 രൂപയും 2210-05-101-79-02-5 ദിവസവേതനം എന്ന ശീർഷകത്തിൽ 1,51,000 രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

ശിപാർശ

2210-02-101-98—ഗവ. ആയുർവ്വേദ കോളേജ് ആശുപത്രി, തൃപ്പൂണിത്തുറ

തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രിയിൽ കോൺട്രാക്റ്റ്/ ദിവസവേതന ജീവനക്കാർക്ക് മുൻ വർഷങ്ങളിൽ നൽകിയ വേതനം റഗുലറൈസ് ചെയ്യുന്നതിനും ആശുപത്രിയിൽ പുതിയ ഹൈപ്രഷർ നോൺ ഡൊമസ്റ്റിക് വാട്ടർ കണക്ഷൻ എടുക്കുന്നതിനായി എച്ച്.ഡി.എസ്. അക്കൗണ്ടിൽ നിന്നും ചെലവഴിച്ച തുക എച്ച്.ഡി.എസ്. അക്കൗണ്ടിലേക്ക് റീ-ഇമ്പേഴ്സ് ചെയ്യുന്നതിനും ഓഫീസിലെ കബഡി ടീം അംഗം ദേശീയ മത്സരങ്ങൾക്കായി യാത്രാ ചെയ്തതിന്റെ ടി.എ. ബില്ലുകൾ മാറി നൽകുന്നതിനും മറ്റു ജീവനക്കാരുടെ യാത്രാചെലവുകൾ വഹിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-02-101-98-02 എന്ന ശീർഷകത്തിൽ 30.26 ലക്ഷം രൂപയും, 2210-02-101-98-04-1 എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 2210-02-101-98-34(1) എന്ന ശീർഷകത്തിൽ 9.27 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 44)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

ശിപാർശ

2210-05-101-96—ആയുർവ്വേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും പി.ഓ.എൽ.

തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവ്വേദ കോളേജ് വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും മുതലായവയ്ക്കും വാഹനങ്ങളുടെ ഇന്ധനചെലവിനും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2210-05-101-96-12 സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ശീർഷകത്തിൽ 5.6 കോടി രൂപയും 2210-05-101-96-45-പി.ഓ.എൽ. എന്ന ശീർഷകത്തിൽ 30,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 45)

<u>സ്വീകരിച്ച നടപടി</u>

2210-05-101-96-12 സ്കോളർഷിപ്പ് & സ്റ്റൈപ്പന്റ് എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന 1,03,28,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 3/172/2021/ആയുഷ്, തീയതി 23-10-2021)

(ആരോഗ്യ കുടുംബക്ഷേമം, ആയുഷ് എന്നീ വകുപ്പുകൾ ലഭ്യമാക്കിയ 22, 25, 26, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 45 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 15-3-2022-ലെ സമിതി യോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.)

## അദ്ധ്യായം VII

<u>സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.</u>

സമിതി ഈ കാലയളവിൽ പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

വീണാ ജോർജ്ജ്,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2022 ജൂലൈ 14.

**അനുബന്ധം**

2021 ജൂൺ 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII 2021 ജൂൺ 16-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാസമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ കോവിഡ് പ്രോട്ടോക്കോൾ മാനദണ്ഡങ്ങൾ പാലിച്ച് ബഹു.സമിതി ചെയർപേഴ്സൺ, ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി, ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.
2. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.
3. ശ്രീമതി സി. കെ. ആശ, എം.എൽ.എ.
4. ശ്രീ. പി. കെ. ബഷീർ, എം.എൽ. എ.
5. ശ്രീമതി ദെലീമ, എം.എൽ.എ.
6. ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.
7. ശ്രീമതി കെ. കെ. രമ, എം.എൽ. എ.
8. ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

വീഡിയോ കോൺഫറൻസിംഗ് വഴി പങ്കെടുത്ത അംഗം

ശ്രീമതി യു. പ്രതിഭ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ലാലി വി.എസ്., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. രാജൻ എൻ. ഖൊബ്രാഗഡെ, പ്രിൻസിപ്പൽ സെക്രട്ടറി,
   ആരോഗ്യകുടുംബക്ഷേമ വകുപ്പ്.
2. ഡോ. രത്തൻ ഖേൽഖർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ.
3. ഡോ. വി. ആർ. രാജു, ഡയറക്ടർ (ഇൻ ചാർജ്ജ്) ഓഫ് ഹെൽത്ത് സർവ്വീസസ്.
4. ഡോ. എ. റംലാബീവി, ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ്
5. ശ്രീ. ബി. എസ്. ബിജുഭാസ്കർ, അഡീഷണൽ സെക്രട്ടറി,
   ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
6. ഡോ. കെ. എസ്. പ്രിയ, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
7. ഡോ. രേഖ എ. നായർ, ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
8. ഡോ. എം. എൻ. വിജയാംബിക, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
9. ശ്രീ. കെ. ജെ. ജോൺ, ഡ്രഗ്സ് കൺട്രോളർ (ഇൻ ചാർജ്ജ്),
   ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്
10. ശ്രീമതി എം. ഗീതാമണി അമ്മ, ഡയറക്ടർ (ഫിനാൻസ്), നാഷണൽ ഹെൽത്ത് മിഷൻ
11. ഡോ. പി. സുനിൽരാജ്, പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ,
    ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം
12. ശ്രീ. അജിത് കുമാർ എ., ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
13. ശ്രീ. ഡി. ബാലമുരളി, മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ്
    കോർപ്പറേഷൻ ലിമിറ്റഡ്
14. ശ്രീ. കെ. വി. ഉത്തമൻ, മാനേജിംഗ് ഡയറക്ടർ, ഔഷധി
15. ഡോ. റ്റി. കെ. ഹൃദിക്, സി. ഇ. ഒ., സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ്

<u>വീഡിയോ കോൺഫറൻസിംഗ് വഴി പങ്കെടുത്ത ഉദ്യോഗസ്ഥർ</u>

1. ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, ആയുഷ് വകുപ്പ്
2. ശ്രീ. വി. ഭൂഷൺ, അഡീഷണൽ സെക്രട്ടറി, ആയുഷ് വകുപ്പ്

സമിതി 2021-22 സാമ്പത്തിക വർഷത്തെ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥന നമ്പർ XVIII, XIX എന്നിവയിന്മേൽ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ആരോഗ്യമേഖലയ്ക്ക് പ്രത്യേക പരിഗണന നൽകികൊണ്ടാണ് ഈ കോവിഡ് കാലത്ത് സംസ്ഥാന സർക്കാർ മുന്നോട്ട് പോകുന്നതെന്നും ആരോഗ്യമേഖലയിലെ വിവിധ ഹെഡുകളിൽ അനുവദിച്ചിട്ടുള്ള തുക ശ്രദ്ധയോടുകൂടിയും സമയബന്ധിതമായും ചെലവഴിക്കുന്നതിനാണ് ഈ അവസരത്തിൽ മുൻഗണന നൽകേണ്ടതെന്നും ആയതിനാൽ സർക്കാർ നയം നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്നും ബഹു. സമിതി അദ്ധ്യക്ഷ ആമുഖമായി പറഞ്ഞു.

യോഗത്തിനുള്ള നോട്ട്സ് വളരെ വൈകിയാണ് ലഭിച്ചതെന്ന സമിതി അംഗത്തിന്റെ അഭിപ്രായത്തിന്, യോഗത്തിന് 24 മണിക്കൂർ മുമ്പെങ്കിലും അവ സമിതി അംഗങ്ങൾക്ക് ലഭിക്കത്തക്കവിധം നിയമസഭാ സെക്രട്ടേറിയറ്റിന് ലഭ്യമാക്കണമെന്ന് ബഹു. അദ്ധ്യക്ഷ വകുപ്പിന് നിർദ്ദേശം നൽകി.

പ്ലാനിംഗ് ബോർഡ് പ്രസിദ്ധീകരിച്ച കണക്കു പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ പ്ലാൻ ഔട്ട്ലേ 2284 കോടി രൂപയും അഗ്രിഗേറ്റ് എക്സ്പെൻഡിച്ചർ 2,473.27 കോടി രൂപയും ആണ്. കോവിഡ് മഹാമാരിയുടെ കാലമായിട്ടുപോലും എല്ലാ വകുപ്പ് തലവൻമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പദ്ധതികൾ നല്ല രീതിയിൽ ഫോളോ-അപ് ചെയ്തതിനാൽ മികച്ച പെർഫോമൻസ് ഉണ്ടായിട്ടുണ്ടെന്നും ഈ വർഷവും അതേ രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ബഡ്ജറ്റ് സ്ക്രൂട്ടിനി സംബന്ധിച്ച ഡീറ്റെയിൽസ് മാത്രമാണ് ഇന്നത്തെ യോഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും കോവിഡുമായി ബന്ധപ്പെട്ട വിഷയം പ്രത്യേകം ചർച്ച ചെയ്യേണ്ടതാണെന്നുമുള്ള സമിതി അംഗത്തിന്റെ നിർദ്ദേശത്തിന് കോവിഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഉടൻ തന്നെ യോഗം ചേരാമെന്ന് ബഹു. ചെയർപേഴ്സൺ അറിയിച്ചു.

## ആരോഗ്യ വകുപ്പ്

ധനാഭ്യർത്ഥന നമ്പർ XVIII

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

2210-01-110-24—(പ്ലാൻ) കേരള അടിയന്തിര വൈദ്യസഹായം (108 ആംബുലൻസ്)

കനിവ് ആംബുലൻസ് പദ്ധതിയുടെ ഭാഗമായി 315 ആംബുലൻസ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവ്വീസ് നടത്തുന്നു. കോവിഡ് കാലമായതിനാൽ കൂടുതൽ സർവ്വീസ് നടത്തേണ്ടിവന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ പ്ലാൻ ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

### കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

2210-05-001-93-35—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ഭരണാനുമതി ലഭിച്ച പദ്ധതിഘടകങ്ങളുടെ പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ പ്ലാൻ ശീർഷകത്തിൽ 42.22 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-06-101-53—പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി

നിലവിലെ സാഹചര്യത്തിൽ പല ആശുപത്രികളിലും ഓക്സിജൻ പ്ലാന്റ് ഇൻസ്റ്റാൾ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവിടെയെല്ലാം തന്നെ 250 കെ.വി ശേഷിയുള്ള ജനറേറ്റർ ഇൻസ്റ്റാൾ ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി അംഗം ജനറൽ ആശുപത്രികളിലെങ്കിലും ജനറേറ്റർ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

പുതിയതായി ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിക്കുന്ന 35 സ്ഥലങ്ങളിൽ ജനറേറ്ററിന്റെ കംപോണന്റ് ഉൾപ്പെടുത്തിക്കൊണ്ടാണ് സിവിൽ വർക്ക് നൽകിയിരിക്കുന്നതെന്ന് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

പ്രസ്തുത വർക്ക് ഏറ്റെടുത്ത് ചെയ്യുന്നത് സി.പി.ഡബ്ല്യൂ.ഡി. ആണെന്നും ജനറേറ്ററിനെ സംബന്ധിച്ച കാര്യങ്ങൾ പരാമർശിക്കാതെ റേറ്റ് ക്വാട്ട് ചെയ്തിരിക്കുന്നതിനാൽ ജനറേറ്റർ അധീഷണലായി ഇൻസ്റ്റാൾ ചെയ്യേണ്ടതുണ്ടെന്നും ജനറൽ ആശുപത്രികളിൽ സ്ഥാപിക്കുന്ന പ്ലാന്റുകളിലെങ്കിലും ജനറേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന സമിതിയുടെ ആവശ്യത്തിന്മേൽ ഗവൺമെന്റ് ഓഫ് ഇന്ത്യ അനുവദിക്കുന്ന തുകയിൽ നിന്നും ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നുണ്ടെന്നും കൂടാതെ

സംസ്ഥാന ഗവൺമെന്റ് സ്ഥാപിക്കുന്ന 35 ഓക്സിജൻ ജനറേഷൻ പ്ലാന്റുകളിൽ ജനറേറ്റർ ആവശ്യമുണ്ടെങ്കിൽ അതുൾപ്പെടെ കെ.എം.എസ്.സി.എൽ (Kerala Medical Services Corporation Ltd) മുഖേന സാങ്ഷൻ ചെയ്യുന്ന എന്നും സി.എസ്.ആർ. കംപോണന്റ് വഴിയും ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചു നൽകാൻ തയ്യാറാണെന്നും നിർദ്ദിഷ്ട സ്ഥലത്ത് പ്ലാന്റ് സ്ഥാപിക്കുമെന്നും അവർക്ക് ഡി.എം.ഇ, ഡി.എച്ച്.എസ്. എന്നിവിടങ്ങളിൽനിന്നു കുറച്ച് തുക നൽകുമെന്നും ഇത്തരത്തിൽ മൂന്ന് ഫണ്ടിംഗ് ഉപയോഗിച്ചാണ് ഓക്സിജൻ ജനറേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

ഓക്സിജൻ പ്ലാന്റ് ഇൻസ്റ്റാൾ ചെയ്യുമ്പോൾ തന്നെ ജനറേറ്ററും സ്ഥാപിക്കേണ്ടതാണെന്നും സെക്കന്ററിയായി ചെയ്യേണ്ട കാര്യമല്ല അതെന്നും സമിതി അംഗം അഭിപ്രായപ്പെട്ടപ്പോൾ ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി എന്നിവ ഏത് തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിലാണോ വരുന്നത് പ്രസ്തുത തദ്ദേശഭരണ സ്ഥാപനമാണ് നിലവിൽ അക്കാര്യം നിർവ്വഹിക്കുന്നതെന്നും അതല്ലെങ്കിൽ എൻ.എച്ച്.എം. ആണ് ചെയ്യുന്നതെന്നും ബഹു. സമിതി ചെയർപേഴ്സൺ ബോധ്യപ്പെടുത്തി.

നിലവിൽ പെൻഡിംഗ് ഉള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ പ്ലാൻ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-101-49—<u>സാംക്രമിക രോഗങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും</u>

നിലവിലെ ബഡ്ജറ്റ് വിഹിതമായ 5 കോടി രൂപയ്ക്കുപുറമെ മുൻ വർഷങ്ങളിൽ സാധനസാമഗ്രികൾ വാങ്ങിയ വകയിൽ കെ.എം.എസ്.സി.എൽ.-ന് തുക നൽകാനായി 1.597 കോടി രൂപ അധികമായി ആവശ്യമാണെന്ന് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കെ.എം.എസ്.സി.എൽ. സംഭരിക്കുന്ന മെഡിസിൻസ്, ഗ്ലൗസ് തുടങ്ങിയവ ഹോസ്പിറ്റലുകളിലേയ്ക്ക് എത്തുന്നില്ലെന്ന വ്യാപക പരാതിയുണ്ടെന്നും കെ.എം.എസ്.സി.എൽ.-ന് പെന്റിംഗ് ബിൽ ഉള്ളതുകൊണ്ടാണോ ഇത്തരത്തിൽ സംഭവിക്കുന്നതെന്ന് സമിതിയംഗം ആരാഞ്ഞതിന് ഈ വിഷയവുമായി അതിന് ബന്ധമില്ലെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കോവിഡ്-19 കൂടാതെ മൺസൂൺ സമയത്ത് ഉണ്ടാകുന്ന അനേകം പകർച്ചവ്യാധികൾ കൂടി പരിഗണിച്ചുവേണം തുക വകയിരുത്തേണ്ടതെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടപ്പോൾ അവയെല്ലാം കണക്കിലെടുത്തുകൊണ്ട് തന്നെയാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഓർഡർ നൽകുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

മുൻ വർഷങ്ങളിൽ സാധനസാമഗ്രികൾ വാങ്ങിയ വകയിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കുവാൻ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ആയതിനാൽ ഈ പ്ലാൻ ശീർഷകത്തിൽ 1.5970 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

2210-06-101-45—<u>പകർച്ച വ്യാധികളല്ലാത്ത രോഗങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും</u>

മുൻ വർഷത്തെ മരുന്ന് വാങ്ങിയ വകയിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 4 കോടി രൂപ അപര്യാപ്തമായതിനാൽ 1.6485 കോടി രൂപ അധികമായി ഈ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**നാഷണൽ ഹെൽത്ത് മിഷൻ ( NHM)**

2210-06-101-31—ആരോഗ്യകിരണം-രാഷ്ട്രീയ ബാൽസ്വാസ്ഥ്യകാര്യ ക്രമം.

കഴിഞ്ഞ വർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തതിനെ സംബന്ധിച്ച് ബഹു. സമിതി അംഗം ആരാഞ്ഞതിന്മേൽ പ്രസ്തുത തുക കഴിഞ്ഞ വർഷം റിലീസ് ചെയ്തിട്ടില്ലായെന്നും 20 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും 5 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂവെന്നും ആശുപത്രികളുടെ പ്രവർത്തനത്തിനായി ആശുപത്രി നിർവ്വഹണ സമിതികളിൽനിന്നാണ് അധിക ചെലവിനുള്ള തുക കണ്ടെത്തിയതെന്നും ആയതിന്റെ ബാധ്യത കൊടുത്തുതീർക്കുന്നതിനാണ് 38.32 കോടി രൂപ അധികമായി ആവശ്യപ്പെടുന്നതെന്നും ഈ സ്കീം വഴിയാണ് എല്ലാ ഗവൺമെന്റ് ആശുപത്രികളും പ്രവർത്തിക്കുന്നതെന്നും ആരോഗ്യകിരണം പദ്ധതി വഴി വകയിരുത്തിയിട്ടുള്ള പണം ഇതുവരെ കൃത്യമായി ലഭ്യമായിട്ടില്ലായെന്നും NHM സ്റ്റേറ്റ് മിഷൻ ഡയറക്ടർ വിശദീകരിച്ചു.

നാഷണൽ ഹെൽത്ത് മിഷൻ ( NHM) ചെലവിനത്തിൽ അധികരിച്ച 38.33 കോടി രൂപ ആശുപത്രി നിർവ്വഹണ സമിതികൾക്ക് തിരികെ നൽകേണ്ടതായിട്ടുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ 38.3294 കോടി രൂപ അധികമായി ഈ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-101-19—<u>ദേശീയ ആരോഗ്യദൗത്യം (കേന്ദ്രാവിഷ്കൃതം 60 : 40)</u>

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെയും ഗവൺമെന്റ് ഓഫ് കേരളയുടെയും പ്രതിനിധികൾ കൂടിച്ചേർന്നാണ് NHM-ന്റെ ബഡ്ജറ്റ് ഔട്ട്‌ലേ തീരുമാനിക്കുന്നതെന്നും അതിൻപ്രകാരം 2021-22-ലേക്ക് 1,403 കോടി രൂപയുടെ ഔട്ട്‌ലേയാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളതെന്നും എന്നാൽ ബഡ്ജറ്റിൽ 800 കോടി രൂപ മാത്രം വകയിരുത്തിയിട്ടുള്ളതിനാൽ 603 കോടി രൂപ അധികമായി ആവശ്യമുണ്ടെന്നും NHM സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതിയെ ബോധ്യപ്പെടുത്തി.

1403 കോടി രൂപ ബഡ്ജറ്റ് ഔട്ട്ലേയാണെന്നും ഇതിന്റെ 60 ശതമാനം കേന്ദ്ര സർക്കാരാണ് തരേണ്ടതെന്നും എന്നാൽ ബഡ്ജറ്റ് ശീർഷകത്തിൽ വിഹിതം അനുവദിച്ചിട്ടില്ലെങ്കിൽ കേന്ദ്രസർക്കാരിൽ നിന്നുമുള്ള വിഹിതം ലഭിക്കാൻ സാധ്യതയില്ലായെന്നും കൂടാതെ, 2021 ജൂലൈ 1-ാം തീയതി മുതൽ ഒരു പുതിയ സംവിധാനമായ സിംഗിൾ നോഡൽ അക്കൗണ്ടാണ് നിലവിലുള്ളതെന്നും എല്ലാ സി.എസ്.എസ്. ഫണ്ടും പ്രസ്തുത നോഡൽ അക്കൗണ്ടിലേക്കാണ് വരുന്നതെന്നും അതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ, കേന്ദ്ര-സംസ്ഥാന വിഹിതത്തിൽ മതിയായ തുകയുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നതെന്നും കേന്ദ്ര സർക്കാർ വിഹിതം 21 ദിവസത്തിനുള്ളിലും സംസ്ഥാന സർക്കാർ വിഹിതം 40 ദിവസത്തിനുള്ളിലും പ്രസ്തുത അക്കൗണ്ടിൽ വരേണ്ടതുണ്ടെന്നും NHM സ്റ്റേറ്റ് മിഷൻ ഡയറക്ടർ വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അധികമായി ആവശ്യപ്പെട്ട തുകയായ 603.08 കോടി രൂപ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2210-06-101-12-01—കോവിഡ് 19 പകർച്ചവ്യാധി നിയന്ത്രണവും നിർവ്വഹണവും ദേശീയ ആരോഗ്യമിഷനു കീഴിലെ കോവിഡ് ബ്രിഗേഡ് പാക്കേജ് ജീവനക്കാർക്കുള്ള ആനുകൂല്യവും റിസ്ക് അലവൻസും

ദേശീയ ആരോഗ്യ മിഷന് കീഴിലെ കോവിഡ് ബ്രിഗേഡ് ജീവനക്കാർക്ക് അലവൻസും ഇൻസെന്റീവും ഇനത്തിൽ നൽകുന്നതിനായി നടപ്പു സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 240 കോടി രൂപ അധികമായി ഈ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4210-01-110-52—കോഴിക്കോട് മാനസിക ആരോഗ്യ കേന്ദ്രത്തിന്റെ നിലവാരം ഉയർത്തൽ

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിന്റെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും ചെലവായ തുക എത്രയാണെന്നും സമിതി ആരാഞ്ഞു. സ്കീം പ്രകാരം ഒരു ആർക്കിടെക്റ്റിനെ നിയമിച്ചു എന്നും ഗവൺമെന്റിന്റെ ചെറിയൊരു വിഹിതം ഉൾപ്പെടുത്തി പ്രൈവറ്റായി ഫണ്ട് സ്വരൂപിച്ച് ഒരു ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുകയെന്നതായിരുന്നു ഈ പ്രോജക്റ്റിന്റെ ലക്ഷ്യമെന്നും അതിനുള്ള തീരുമാനമെടുക്കുന്നതിന് മുമ്പുതന്നെ ആർക്കിടെക്റ്റിനെ നിയമിച്ച് വർക്ക് തുടങ്ങിയെന്നും കഴിഞ്ഞ വർഷത്തെ വർക്കിനായി പണം തയ്യാറാക്കി വച്ചിരുന്നതായും പ്ലാനിലെ ചില പോരായ്മകൾ നികത്താനായി 21.24 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടായിരുന്നെങ്കിലും പ്രസ്തുത തുക ലഭിക്കാത്തതിനാലാണ് അധിക തുക ആവശ്യപ്പെടുന്നത് എന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ വിഷയം കുറേകാലമായുള്ള പ്രശ്നമാണെന്നും എത്രയുംവേഗം ഇതിന് പരിഹാരം കാണണമെന്നും നിർദ്ദേശിച്ച സമിതി നിലവിൽ മാസ്റ്റർ പ്ലാൻ ലഭ്യമായിട്ടുണ്ടോയെന്ന് ആരാഞ്ഞതിന്, ഫൈനൽ പേമെന്റ് നടത്തിയശേഷം പ്ലാൻ പ്രകാരം വർക്ക് പൂർത്തിയാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുമെന്നും സ്പെഷ്യൽ പ്ലാനിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം സൗകര്യങ്ങൾ വേണമെന്നുള്ളതെല്ലാം പരിശോധിച്ച് വർക്ക് ചെയ്തിട്ടുണ്ടെന്നും ബിൽ പെന്റിംഗായതുകൊണ്ട് മാസ്റ്റർ പ്ലാൻ ലഭ്യമായിട്ടില്ലെന്നും ആയതിനാൽ വർക്ക് മുടങ്ങിയിരിക്കുകയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

ആവശ്യപ്പെട്ട തുക കൊടുത്താൽ മാത്രമേ മാസ്റ്റർ പ്ലാൻ ലഭിക്കുകയുള്ളൂവെന്നും ഒരു ഡ്രീം പ്രോജക്ട് എന്ന രീതിയിൽ ഇത് മുന്നോട്ട് കൊണ്ടു പോകേണ്ടതിനായി തുക അനുവദിക്കേണ്ടതുണ്ടെന്നും വിലയിരുത്തിയ സമിതി കോഴിക്കോട് മാനസിക ആരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതുമായി ബന്ധപ്പെട്ട കുടിശ്ശിക തുക നൽകുന്നതിനായി 21.24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-01-110-85-05-1—<u>മാനസിക ആരോഗ്യ കേന്ദ്രം തിരുവനന്തപുരം - ഓഫീസ ചെലവുകൾ - വെള്ളക്കരം</u>

തിരുവനന്തപുരം മാനസിക ആരോഗ്യകേന്ദ്രത്തിലെ വെള്ളത്തിന്റെ ചാർജ്ജിനത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 1.8650 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-03-110-99—<u>ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ</u>

2210-03-110-99-05-2—<u>ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്</u>

2210-03-110-99-34-2—<u>മറ്റു ചെലവുകൾ-വൈദ്യുതി ചെലവ്</u>

വൈദ്യുതി കരം ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ കൊടുത്തിരിക്കുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-03-110-99-05-2 - 27 ലക്ഷം രൂപ

2210-03-110-99-34-2 - 7 ലക്ഷം രൂപ

2210-06-107-99-05-2—<u>പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ - (പൊതുജനാരോഗ്യ പരീക്ഷണശാലകൾ) - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിന്റെ pending electricity bill തുക നൽകുന്നതിനു വേണ്ടി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 49.45 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-06-112-98—<u>ആശാവർക്കർമാർക്കുള്ള അലവൻസ്</u>

ആശാവർക്കർമാരുടെ പ്രതിമാസ ഹോണറേറിയം 5000 രൂപയിൽ നിന്നും 6000 രൂപയായി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിലുള്ള തുക കണക്കാക്കിയാണ് അധിക തുക ആവശ്യപ്പെടുന്നതെന്ന് സമിതി വ്യക്തമാക്കുകയുണ്ടായി. ആയതിനാൽ ഹോണറേറിയം ആയി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച 111.1429 കോടി രൂപ അപര്യാപ്തമായതിനാൽ ഈ നോൺപ്ലാൻ ശീർഷകത്തിൽ 75.6581 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-80-190-99-36—<u>കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സഹായധനം - സഹായധനം ശമ്പളേതരം</u>

കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 653 കോടി രൂപ അധികമായി ഈ നോൺപ്ലാൻ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

4210-03-105-66
4210-03-105-65
4210-03-105-41 } <u>ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകൾ</u>

വയനാട് മെഡിക്കൽ കോളേജിന് ആദ്യം തീരുമാനിച്ച 50 ഏക്കർ ഒഴിവാക്കി പുതിയ സ്ഥലം തീരുമാനിച്ചോ എന്ന് സമിതി ആരാഞ്ഞതിന് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള സ്ഥലത്തുതന്നെ നിർമ്മിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. കൂടാതെ വയനാട് മെഡിക്കൽ കോളേജിന് കിഫ്ബി പ്രോജക്ടിൽ നിന്നാണ് ഫണ്ട് അനുവദിക്കുന്നതെന്നും അറിയിച്ചു. കാത്ത് ലാബ് സൗകര്യമുള്ള എത്ര മെഡിക്കൽ കോളേജുകളാണ് നിലവിലുള്ളതെന്ന് സമിതി ആരാഞ്ഞതിന്, നേരത്തെയുണ്ടായിരുന്ന അഞ്ച് മെഡിക്കൽ കോളേജുകളിലും കാത്ത് ലാബ് സൗകര്യമുണ്ടെന്നും മഞ്ചേരിയിലും

എറണാകുളത്തും ഇപ്പോൾ ആരംഭിച്ചിട്ടുണ്ടെന്നും കോവിഡ് കാരണം പാരിപ്പള്ളിയിൽ ആരംഭിച്ചിട്ടില്ല എന്നും ഇടുക്കിയ്ക്കാണ് അടുത്ത പ്രയോരിറ്റി കൊടുക്കേണ്ടതെന്നും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു.

ജനസാന്ദ്രത കൂടുതലുള്ള ചങ്ങനാശ്ശേരിയിലെ ജില്ലാ/ജനറൽ ആശുപത്രികളിൽ കാത്ത് ലാബ് അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടതിന്, മാനദണ്ഡമനുസരിച്ചാണ് കാത്ത് ലാബിന് അനുമതി നൽകുന്നതെന്നും ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും കാത്ത് ലാബ് സൗകര്യമുണ്ടാകുമെന്നും ഓരോ സ്ഥലത്തെയും ആവശ്യകത പരിശോധിച്ചാണ് പുതിയ കാത്ത് ലാബുകൾ അനുവദിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട സമിതി താഴെപ്പറയുന്ന പ്ലാൻ ശീർഷകങ്ങളിൽ കാണിച്ചിരിക്കുന്ന തുക ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

4210-03-105-66 - 15 കോടി രൂപ

4210-03-105-65 - 15 കോടി രൂപ

4210-03-105-41 - 8.05 കോടി രൂപ

24—<u>സാധന സാമഗ്രികൾ</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട oxygen, മറ്റു ജീവൻ രക്ഷാ മരുന്നുകൾ, ആഹാര സാധനങ്ങൾ എന്നിവയുടെ ബില്ലുകൾ മാറി നൽകുന്നതിനായി 24-Materials & Supplies എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ നോൺപ്ലാൻ ശീർഷകത്തിൽ 14.1907 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

05-01—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ വെള്ളക്കരത്തിനായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള 15.2903 കോടി രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി കുടിശ്ശികയായുള്ള വെള്ളക്കരം അടച്ചു തീർക്കേണ്ടതിനായി ഈ നോൺപ്ലാൻ ശീർഷകത്തിൽ 24.9330 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

02-04—<u>കൺസോളിഡേറ്റഡ് പേ</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ബോണ്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന Junior Residents, Senior Residents, Lecturer എന്നീ ജീവനക്കാരുടെ വർദ്ധിപ്പിച്ച ശമ്പളം നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 53.0394 കോടി രൂപ അധികമായി ഈ നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

12—<u>മെഡിക്കൽ കോളേജുകളിലെ House Surgeon/ PG വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പെന്റ്</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ House Surgeon/PG വിദ്യാർഥികൾക്ക് സ്റ്റൈപ്പെന്റ് നൽകുന്നതിനാവശ്യമായ തുക, 2019 മുതൽ വർദ്ധിപ്പിച്ച സ്റ്റൈപ്പെന്റ് നിരക്ക് പ്രകാരം അപര്യാപ്തമായതിനാൽ 46.5355 കോടി രൂപ അധികമായി ഈ നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഭക്ഷ്യസുരക്ഷാ വകുപ്പ്**

2210-06-102-99-05-2—<u>ഭക്ഷ്യകാര്യഭരണം-ഓഫീസ്ചെലവുകൾ-വൈദ്യുതി ചെലവ്</u>

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും അതിനു കീഴിലുള്ള 14 ജില്ലാ കാര്യാലയങ്ങളിലും സാമ്പിൾ പരിശോധനകളടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വൈദ്യുതി ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 10.50 ലക്ഷം രൂപ അധികമായി ഈ നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-06-107-98-05-1—<u>ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം ഓഫീസ് ചെലവുകൾ- വെള്ളക്കരം</u>

ഭക്ഷ്യസാപിംൾ പരിശോധനയിൽ ജലം ഒരു പ്രധാന ഘടകമാണ്. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു കീഴിലുള്ള മൂന്ന് NABL അക്രഡിറ്റഡ് ലാബുകളിലെയും പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബിലെയും കണ്ണൂരിൽ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങിയ മേഖലാ ലാബിലെയും കൂടി ആകെ ജല ഉപയോഗം നിറവേറ്റുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ നോൺ പ്ലാൻ ശീർഷകത്തിൽ 90,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-06-107-98-05-2—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി - ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്.

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ലബോറട്ടറികളും പത്തനംതിട്ട ജില്ലയിൽ ശബരിമല വഴിപാട് നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, കുടിവെള്ളം എന്നിവയുടെ പരിശോധനയുമായി ബന്ധപ്പെട്ട് ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിച്ചു വരുന്നുണ്ടെന്നും കൂടാതെ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിൽ NABL അക്രഡിറ്റേഷൻ ലാബുകളും പ്രവർത്തിക്കുന്നുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ഈ ലാബുകളിൽ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടി വരുന്നതിനാൽ വൈദ്യുത ഉപഭോഗം വർദ്ധിച്ചു വരുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് വിലയിരുത്തിയ സമിതി നടപ്പു സാമ്പത്തിക വർഷം വൈദ്യുത ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുകയും 15.04 ലക്ഷം രൂപ അധികമായി ഈ നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2210-06-107-98-05-3—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി - ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്.

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ലാബുകൾക്കും FSSAI അനുശാസിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുമായുള്ള ടെലിഫോൺ/ബ്രോഡ്ബാന്റ് ചെലവിനത്തിനും തടസ്സമില്ലാത്ത ഇന്റർനെറ്റ് സേവനത്തിനായും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും ഈ നോൺ പ്ലാൻ ശീർഷകത്തിൽ 70,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**റീജിയണൽ കാൻസർ സെന്റർ**

2210-05-105-52-31—റീജിയണൽ കാൻസർ സെന്റർ സഹായധനം-ശമ്പളം

റീജിയണൽ കാൻസർ സെന്ററിലെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ബത്തകൾ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 51.7522 കോടി രൂപ ഈ നോൺപ്ലാൻ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-05-105-52-36—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം സഹായധനം-ശമ്പളേതരം

റീജിയണൽ കാൻസർ സെന്ററിലെ ജീവനക്കാരുടെ ശമ്പളേതര ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട സമിതി 42.5023 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

**മലബാർ കാൻസർ സെന്റർ**

2210-05-200-96—മലബാർ കാൻസർ സെന്ററിന് സഹായം

മലബാർ കാൻസർ സെന്റർ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ പൂർത്തികരണത്തിനായും മറ്റു ചെലവുകൾക്കും മേൽ സൂചിപ്പിച്ച ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യമായതിനാൽ 92.6746 കോടി രൂപ പ്ലാൻ ഫണ്ടിലും 10.2409 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്**

2210-01-200-93-31-GIA—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്- സഹായധനം-ശമ്പളം

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിലെ ജൂനിയർ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകുന്നതിന് അനുവദിച്ചുള്ള തുക അപര്യാപ്തമാണെന്ന് മനസിലാക്കിയ സമിതി 75 ലക്ഷം രൂപ അധികമായി ഈ നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

**ഐക്കോൺസ്**

2210-05-105-36—ജ്ഞാനഗോചര ആശയവിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി (സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്സോർഡേഴ്സ്)

ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ ബാധിച്ചവരെ കെയർ ചെയ്യുന്ന സംസ്ഥാനത്തെ ഏറ്റവും നല്ലൊരു സ്ഥാപനമാണിതെന്നും അവിടുത്തെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പഠിച്ച് അതിനൊരു പരിഹാരമുണ്ടാക്കണമെന്നും സമിതി അംഗം ആവശ്യപ്പെട്ടു.

ശ്രീ. ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഒരു ഡോക്ടർ അവിടെ നിയമിക്കപ്പെടാനായി വോളന്റിയായി അപേക്ഷിച്ചിരിക്കുകയാണ് എന്നും പ്രസ്തുത ഫയൽ പ്രോസസിംഗിലാണെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടപ്പോൾ പ്രസ്തുത ഫയൽ സംബന്ധിച്ച നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് ബഹു. സമിതി ചെയർപേഴ്സൺ മറുപടി നൽകി.

വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ-പുനരധിവാസ പ്രവർത്തനങ്ങൾ ഐക്കോൺസ് നടപ്പിലാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതിയിൽ ചികിത്സയ്ക്കായി വിദഗ്ധ ഡോക്ടർമാരുടെയും പുനരധിവാസത്തിനായി വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെയും പഠനത്തിനായി സ്പെഷ്യൽ അദ്ധ്യാപകരുടെയും സേവനങ്ങൾക്കായുള്ള ചെലവിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട സമിതി ഈ നോൺപ്ലാൻ ശീർഷകത്തിൽ 2.5749 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-05-105-28—<u>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന സഹായം</u>

നിലവിലെ 14 സ്കീമുകളുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടതിനാൽ ഈ നോൺ പ്ലാൻ ശീർഷകത്തിൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്)**

2210-05-200-95-31—<u>മാനസിക ആരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം-സഹായധനം-ശമ്പളം</u>

ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് അലവൻസുകൾക്കുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.991 കോടി രൂപ അധികമായി ഈ നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി**

2210-06-800-81—<u>പ്രധാനമന്ത്രി ജന ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - സംസ്ഥാന പദ്ധതി.</u>

2210-06-800-80-02—<u>പ്രധാനമന്ത്രി ജന ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - സംസ്ഥാന വിഹിതം.</u>

പദ്ധതി നടത്തിപ്പിന് 2020-21 സാമ്പത്തിക വർഷം 745 കോടി രൂപ ആകെ ആവശ്യമായി വന്നിരുന്നുവെന്നും ഇതിൽ 138 കോടി രൂപ കേന്ദ്ര വിഹിതമായി ലഭ്യമാവുകയും ബാക്കി ആവശ്യമുള്ള 607 കോടി രൂപയിൽ 356.57 കോടി രൂപ സംസ്ഥാന വിഹിതമായി ലഭിക്കുകയും ബാക്കി ആശുപത്രികൾക്കു കുടിശ്ശികയായി ഉണ്ടായിരുന്ന 250.43 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ അനുവദിച്ച 260 കോടി രൂപയിൽ

നിന്നുമാണ് കണ്ടെത്തിയതെന്നും സമിതി വിലയിരുത്തി. പ്രസ്തുത തുക അപര്യാപ്തമായ തിനാൽ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ 603 കോടി രൂപ അധികമായി വകയിരുത്തണ മെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

റിലയൻസ് മുഖേന നടത്തിവരുന്ന ഈ ഇൻഷ്വറൻസ് സ്കീമിൽ 42 ലക്ഷം ബി.പി.എൽ കുടുംബങ്ങൾ (1.5 കോടി പേർ) അംഗങ്ങളായിട്ടുണ്ടെന്നും ഈ പദ്ധതിയിൽ ഒരു വർഷം 5 ലക്ഷം രൂപ വരെയുള്ള ചികിത്സാ ആനുകൂല്യങ്ങളാണ് ലഭ്യമാക്കിവരുന്ന തെന്നും 1800 പാക്കേജുകളാണ് പ്രസ്തുത സ്കീമിൽ ഉള്ളതെന്നും പദ്ധതിയിലെ ഒരംഗത്തിന് പാക്കേജിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും അസുഖം വന്നാൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലോ രജിസ്റ്റർ ചെയ്ത 538 സ്വകാര്യ ആശുപത്രികളിലോ ക്യാഷ് ഫ്രീ ട്രീറ്റ്മെന്റ് നൽകുന്നുണ്ടെന്നും 2022 മുതൽ മന്ത്രിസഭയുടെ അംഗീകാരത്തോടെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി രൂപീകരിച്ച് അഷ്വറൻസ് മാതൃകയിൽ ചികിത്സ നൽകാനുള്ള സംവിധാനം കൊണ്ടുവരുമെന്നും അതിൻപ്രകാരം സർക്കാർ ആശുപത്രികളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലോ ചികിത്സ നടത്താമെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

ഇൻഷ്വറൻസ് കമ്പനികൾ ക്ലെയിം നിരസിക്കുന്ന പ്രവണത ധാരാളമായി കണ്ടുവരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ധാരാളം പേരെ ആകർഷിക്കുന്ന നല്ലൊരു പദ്ധതിയാണെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ആരോഗ്യ രംഗത്ത് കേന്ദ്രസർക്കാരിന്റെ പദ്ധതികളെക്കാൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതികളെല്ലാം മികച്ചതാണെന്ന് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

**ആയുഷ് വകുപ്പ്**

**ഭാരതീയ ചികിത്സാ വകുപ്പ്**

2210-02-001-91—ആരോഗ്യ വിവരങ്ങളുടെ നടത്തിപ്പ് ക്രമം (എച്ച്.ഐ.എം.എസ്.)

125 ആശുപത്രികളിൽ ഇ-ഹോസ്പിറ്റൽ സംവിധാനം നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 13.123 കോടി രൂപ അധികമായി ഈ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-76—പ്രകൃതി ദുരന്തം മൂലമുള്ള ആരോഗ്യ പ്രശ്നവും പകർച്ചവ്യാധികളുടെ നിയന്ത്രണവും

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്ന്, രോഗ പ്രതിരോധ ഉപകരണങ്ങളായ ഗ്ലൗസ്, സാനിട്ടൈസർ എന്നിവ ലഭ്യമാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട സമിതി 1.5 കോടി രൂപ അധികമായി ഈ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-02-101-74—ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ സ്പോർട്സ് യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ പ്ലാൻ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-65—ജീവനിയും പുനർനവയും

ജീവനി (Diabetic mellitus) പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിലേയും പുനർനവ (Strokes Management) പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ പ്ലാൻ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

4210-02-103-94—ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള മരാമത്ത് പണികൾ

മലപ്പുറം ജില്ലയിലെ എടക്കര ഗവ. ആയുർവേദ ആശുപത്രിയുടെ പുതിയ മന്ദിരം നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ അധികമായി ഈ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-02-101-97-24—മറ്റ് ആശുപത്രികളും ഡിസ്പെൻസറികളും-സാധന സാമഗ്രികൾ

നടപ്പു സാമ്പത്തികവർഷം ഈ നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-74—ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

2210-02-101-74-04-1 — യാത്രാ ചെലവുകൾ - യാത്രാബത്ത

2210-02-101-74-04-2 — യാത്രാ ചെലവുകൾ - സ്ഥലംമാറ്റബത്ത

കേരള സ്പോർട്സ് ആയുർവേദ ആശുപത്രിയിലെ ജീവനക്കാരുടെ യാത്രാബത്ത ബില്ലുകൾ, ട്രാൻസ്ഫർ ടി.എ. ബില്ലുകൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെ പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-74-04-1 — 10,000 രൂപ

2210-02-101-74-04-2 — 7,000 രൂപ

2210-02-101-74—ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

2210-02-101-74-05-1 — ഓഫീസ് ചെലവുകൾ - വെള്ളക്കരം

2210-02-101-74-05-2 — ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

2210-02-101-74-05-3 — ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

2210-02-101-74-05-4 — ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

കേരള സ്പോർട്സ് മെഡിസിൻ ഗവേഷണശാലയിലെ വാട്ടർ ചാർജ്ജ് ബില്ലുകൾ, വൈദ്യുത ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, ഓഫീസിലെ മറ്റ് ചെലവുകൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-74-05-1 — 25,000 രൂപ

2210-02-101-74-05-2 — 2.50 ലക്ഷം രൂപ

2210-02-101-74-05-3 — 30,000 രൂപ

2210-02-101-74-05-4 — 50,000 രൂപ

2210-02-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

2210-02-192-50—മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള ധനസഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

2210-02-196-50—ജില്ലാ പരിഷത്തുകൾ/ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് പരിധികളിൽ വരുന്ന ആയുർവേദ ആശുപത്രികളിൽ ഒരു ദിവസം നിശ്ചിത എണ്ണം രോഗികളെ ചികിത്സിക്കാനുള്ള സൗകര്യമുണ്ടെന്നും അവർക്ക് ഭക്ഷണം നൽകേണ്ടതായിട്ടുണ്ടെന്നും എന്നാൽ ഈ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി താഴെപ്പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-02-191-50 - 5 ലക്ഷം രൂപ

2210-02-192-50 - 75 ലക്ഷം രൂപ

2210-02-196-50 - 90 ലക്ഷം രൂപ

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-02-101-78-17—ആയുർവേദ കോളേജ് ആശുപത്രി, കണ്ണൂർ - ചെറുകിട മരാമത്ത് പദ്ധതികൾ

പി.ജി. വിദ്യാർത്ഥികൾക്കും പഠന ഗവേഷണങ്ങൾക്കും, രോഗികളുടെ ചികിത്സക്കുമായി ആശുപത്രിയിലെ ശല്യതന്ത്ര വിഭാഗത്തിന് മൈനർ ഓപ്പറേഷൻ തീയേറ്റർ ആശുപത്രി കെട്ടിടത്തിന്റെ മുകൾ നിലയിൽ പണിയുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ഈ പ്ലാൻ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-49—പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ്

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ഈ പ്ലാൻ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4210-03-101-93—ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

കണ്ണൂർ, ആയുർവേദ കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്ക്, പെൺകുട്ടികൾക്കായിട്ടുള്ള ഹോസ്റ്റൽ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി ഈ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-99—കോളേജ് ആശുപത്രികളും പ്രസവ വാർഡും, തിരുവനന്തപുരം

തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രിയിലും പ്രസവ വാർഡിലും കരാർ അടിസ്ഥാനത്തിലും ദിവസ വേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനുള്ള തുകയും ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ, കൺസോളിഡേറ്റഡ് പേ, ദിവസ വേതനം എന്നിവയ്ക്ക് അനുവദിച്ച തുകയും അപര്യാപ്തമായതിനാൽ ചുവടെ കാണിച്ചിരിക്കുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-99-02-1 }
2210-02-101-99-02-2 } 1 ലക്ഷം രൂപ
2210-02-101-99-02-3 }

2210-02-101-99-02-4 - 1 ലക്ഷം രൂപ

2210-02-101-99-02-5 - 10 ലക്ഷം രൂപ

2210-02-101-99—<u>കോളേജ് ആശുപത്രികളും, പ്രസവവാർഡും തിരുവനന്തപുരം</u>

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ഔദ്യോഗിക യാത്രകൾ അനുബന്ധിച്ചുള്ള ബില്ലുകൾ മാറുന്നതിനുള്ള തുകയും യാത്രാ ബത്ത അവധി യാത്രാനുകൂല്യം എന്നിവയ്ക്ക് നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-99-04-1 - 15,000 രൂപ

2210-02-101-99-04-4 - 15,000 രൂപ

2210-02-101-99—<u>കോളേജ് ആശുപത്രികളും, പ്രസവവാർഡും തിരുവനന്തപുരം</u>

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ വെള്ളക്കരം, വൈദ്യുതി ചെലവ് എന്നിവയ്ക്ക് നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-99-05-1-വെള്ളക്കരം - 50 ലക്ഷം രൂപ

2210-02-101-99-05-2-വൈദ്യുതി ചെലവ് - 10 ലക്ഷം രൂപ

2210-02-101-99—കോളേജ് ആശുപത്രികളും പ്രസവവാർഡും തിരുവനന്തപുരം

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ സാധന സാമഗ്രികൾ, മറ്റ് ചെലവുകൾ - മറ്റിനം, പി. ഒ. എൽ.. എന്നിവയ്ക്ക് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-99-24-സാധന സാമഗ്രികൾ - 30 ലക്ഷം രൂപ

2210-02-101-99-34-3-മറ്റ് ചെലവുകൾ - മറ്റിനം - 1 ലക്ഷം രൂപ

2210-02-101-99-45-പി. ഒ. എൽ. - 90,000 രൂപ

2210-02-101-96—ആയുർവേദ ഫാർമസി

ആയുർവേദ ഫാർമസിയുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, യാത്രാ ചെലവുകൾ അവധി യാത്രാനുകൂല്യം, വെള്ളക്കരം, സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്കു നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന നോൺപ്ലാൻ ശീർഷകങ്ങളിൽ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-96-01-4 - 3 ലക്ഷം രൂപ

2210-02-101-96-04-4 - 3 ലക്ഷം രൂപ

2210-02-101-96-05-1 - 3 ലക്ഷം രൂപ

2210-02-101-96-24 - 27 ലക്ഷം രൂപ

2210-02-101-94-05-1—ഔഷധസസ്യ പഠന കേന്ദ്രം ഓഫീസ് ചെലവുകൾ - വെള്ളക്കരം

തിരുവനന്തപുരം ഔഷധ സസ്യ പഠന കേന്ദ്രത്തിന്റെ വെള്ളക്കര കുടിശ്ശികയ്ക്ക് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ നോൺപ്ലാൻ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-85—പഞ്ചകർമ്മ ആശുപത്രിയുടെ വികസനം

പഞ്ചകർമ്മ ആശുപത്രിയിലെ ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ,

ഓഫീസ് ചെലവുകളായ വെള്ളക്കരം, ടെലിഫോൺ ചെലവ് എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-85-1<br>
2210-02-101-85-2 } – 82,000 രൂപ<br>
2210-02-101-85-3

2210-02-101-85-05-1 – 10 ലക്ഷം രൂപ

2210-02-101-85-05-3 – 22,000 രൂപ

2210-02-101-78—<u>ആയുർവേദ കോളേജ് ആശുപത്രി, കണ്ണൂർ</u>

കണ്ണൂർ ഗവ. ആയുർവേദ കണ്ണാശുപത്രിയിലെ ജീവനക്കാരുടെ ശമ്പളം മറ്റാനുകൂല്യങ്ങൾ, മെഡിക്കൽ റീ ഇംമ്പേഴ്സ്മെന്റ്, ദിവസവേതനം എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-101-78-01-4 – 5.2592 ലക്ഷം രൂപ

2210-02-101-78-02-1<br>
2210-02-101-78-02-2 } – 1 ലക്ഷം രൂപ<br>
2210-02-101-78-02-3

2210-02-101-78-02-5 – 10 ലക്ഷം രൂപ

2210-05-101-96—<u>ആയുർവേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ</u>

തൃപ്പൂണിത്തുറ ആയുർവേദ മെഡിക്കൽ കോളേജിൽ, വേതനം, കുട്ടികളുടെ സ്കോളർഷിപ്പുകൾ, സ്റ്റൈപ്പെൻഡുകൾ, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, സാധന സാമഗ്രികൾ വാങ്ങുക, ഇന്ധന ചെലവ് എന്നീ ഇനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി താഴെപ്പറയുന്ന

നോൺപ്ലാൻ ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2210-05-101-96-02-1 }
2210-05-101-96-02-2 } 1.50 ലക്ഷം രൂപ

2210-05-101-96-06 - 50000 രൂപ

2210-05-101-96-12 - 4.5 കോടി രൂപ

2210-05-101-96-21-2 - 1 ലക്ഷം രൂപ

2210-05-101-96-24 - 1.80 ലക്ഷം രൂപ

2210-05-101-96-45 - 50000 രൂപ

2210-05-101-95—ആയുർവേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിൽ വേതനം, അവധിയാത്രാനുകൂല്യം, വെള്ളക്കരം എന്നീ ഇനങ്ങളിലും കുട്ടികൾക്കായി അനുവദിച്ച സ്റ്റൈപ്പെൻഡും സ്കോളർഷിപ്പും, കൺസോളിഡേറ്റഡ് പേ, ദിവസ വേതനം, യാത്രാചെലവുകൾ, അവധി യാത്രാനുകൂല്യം, വെള്ളക്കരം എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചുവടെ പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-95-02-1 }
2210-05-101-95-02-2 } - 5 ലക്ഷം രൂപ
2210-05-101-95-02-3 }

2210-05-101-95-02-4 - 70 ലക്ഷം രൂപ

2210-05-101-95-02-5 - 5 ലക്ഷം രൂപ

2210-05-101-95-04-4 - 10 ലക്ഷം രൂപ

2210-05-101-95-05-1 - 50 ലക്ഷം രൂപ

2210-05-101-95-12 - 8 കോടി രൂപ

2210-05-101-79—<u>ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ</u>

കണ്ണൂർ, ഗവൺമെന്റ് ആയുർവേദ കോളേജുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ചുവടെ പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-101-79-02-4 – 42.63 ലക്ഷം രൂപ

2210-05-101-79-02-2 – 4.43 ലക്ഷം രൂപ

2210-05-101-79-05-2 – 5 ലക്ഷം രൂപ

2210-05-101-79-06 – 60,000 രൂപ

**ഹോമിയോപ്പതി വകുപ്പ്**

2210-02-102-75—<u>ഹോമിയോപ്പതി വകുപ്പിന്റെ നിലവാരം ഉയർത്തലും നവീകരണവും</u>

ഇ-ഹോസ്പിറ്റൽ സംവിധാനം സംസ്ഥാനത്തെ 34 ഹോമിയോ ആശുപത്രികളിലും നടപ്പിൽ വരുത്തുന്നതിന് 1.6 കോടി രൂപ അധികമായി ഈ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-102-74—<u>ഹോമിയോപ്പതി വകുപ്പിന്റെ ആരോഗ്യപാലനവും പ്രത്യേക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളും</u>

ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള RAECH (Rapid Action Epidemic Control Cell Homoeopathy)-ന്റെ നേതൃത്വത്തിൽ സാംക്രമിക രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി കോവിഡ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ഈ പദ്ധതിക്ക് കീഴിലുള്ള വ്യത്യസ്ത ആതുര സേവന പദ്ധതികളിൽ പ്രവർത്തിക്കുന്ന താൽക്കാലിക ജീവനക്കാരുടെ കുടിശ്ശിക വേതനം കൊടുത്തു തീർക്കുന്നതിനുമായി 1.32 കോടി രൂപ ഈ പ്ലാൻ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ഹോമിയോപ്പതി വിദ്യാഭ്യാസ വകുപ്പ്

2210-02-102-97-34-3—ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട് - മറ്റ് ചെലവുകൾ - മറ്റിനം

കോഴിക്കോട് ഹോമിയോ കോളേജ് ആശുപത്രിയിൽ ഇ-ഓഫീസ്, ഇ-ഹോസ്പിറ്റൽ എന്നിവ നടപ്പിലാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ പ്ലാൻ ശീർഷകത്തിൽ 23.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-102-98-34-3—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്-മറ്റു ചെലവുകൾ - മറ്റിനം

2021-22 സാമ്പത്തിക വർഷം അനുവദിക്കപ്പെട്ട താലോലം പ്രോജക്ടിന്റെ സുഗമമായ പ്രവർത്തനത്തിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 23.61 ലക്ഷം രൂപ അധികമായി ഈ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-102-98—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം

തിരുവനന്തപുരം ഹോമിയോ കോളേജ് ആശുപത്രിയിലെ പുതുക്കിയ ഡി.എ. കുടിശ്ശിക, പുതുക്കിയ വീട്ട് വാടക അലവൻസ് എന്നിവയ്ക്ക് നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 2210-02-102-98-01-2 എന്ന നോൺപ്ലാൻ ശീർഷകത്തിൽ 10 ലക്ഷം രൂപയും 2210-02-102-98-01-3 എന്ന നോൺപ്ലാൻ ശീർഷകത്തിൽ 7 ലക്ഷം രൂപയും വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-102-98-02-2—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം - വേതനം - ക്ഷാമബത്ത

നടപ്പ് സാമ്പത്തിക വർഷം ഈ നോൺപ്ലാൻ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പുതുക്കിയ ഡി.എ. കുടിശ്ശിക അനുവദിക്കുന്നതിനായി 43,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-102-98-04-2—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം - യാത്ര ചെലവുകൾ- സ്ഥലംമാറ്റ ബത്ത

നടപ്പ് സാമ്പത്തിക വർഷം ഈ നോൺപ്ലാൻ ശീർഷകത്തിനുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ തീർപ്പാക്കാനുള്ള സ്ഥലമാറ്റ ബത്തയ്ക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതിലേക്കായി 50,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-02-102-98—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം

തിരുവനന്തപുരം ഹോമിയോ കോളേജ് ആശുപത്രിയിലെ വൈദ്യുതി ബിൽ, ഇന്റർനെറ്റ്, ടെലിഫോൺ ചാർജ്ജ് എന്നിവയ്ക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2210-02-102-98-05-2, നോൺപ്ലാൻ ശീർഷകത്തിൽ 3 ലക്ഷം രൂപയും 2210-02-102-98-05-3-നോൺപ്ലാൻ ശീർഷകത്തിൽ 30,000 രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-102-99—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിന്റെ ഓഫീസ് ചെലവുകൾ, സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും, മറ്റു ചെലവുകൾ, മറ്റിനം എന്നിവയ്ക്ക് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-102-99-05-4 – 1 ലക്ഷം രൂപ

2210-05-102-99-12 – 60 ലക്ഷം രൂപ

2210-05-102-99-34-3 – 1 ലക്ഷം രൂപ

2210-05-102-98—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്.

ഹോമിയോപ്പതി മെഡിക്കൽ കോളേജിന്റെ വേതനം, ദിവസവേതനം, സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും, മറ്റു ചെലവുകൾ, വെള്ളക്കരം, വൈദ്യുതി ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന നോൺപ്ലാൻ ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2210-05-102-98-02-5 – 50.75 ലക്ഷം രൂപ

2210-05-102-98-12 – 76 ലക്ഷം രൂപ

2210-05-102-98-34-1 – 6.93 ലക്ഷം രൂപ

2210-05-102-98-34-2 – 8.26 ലക്ഷം രൂപ

2210-05-102-88-12—<u>സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന് - സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും</u>

സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലേക്ക് സ്റ്റൈപ്പെന്റ് വിതരണം ചെയ്യുന്നതിനായി 2020-21 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 90 ലക്ഷം രൂപ അധികമായി ഈ നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**സംസ്ഥാന ഔഷധസസ്യ ബോർഡ്**

2210-05-101-60—<u>സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ്</u>

നിലവിലുള്ള പദ്ധതികളുടെ തുടർ നടത്തിപ്പിനുവേണ്ടി 2021-22 സാമ്പത്തിക വർഷം അനുവദിച്ച 25 ലക്ഷം രൂപ പദ്ധതികൾ നടപ്പിലാക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ 42 ലക്ഷം രൂപ അധികമായി ഈ പ്ലാൻ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XIX

**കുടുംബക്ഷേമം**

2211-00-101-95—<u>സബ്സെന്ററുകൾ കേന്ദ്രാവിഷ്കൃത പദ്ധതി (60:40)</u>

സബ്സെന്ററുകൾക്ക് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ഫാമിലി വെൽഫെയർ സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന 6563 ആൾക്കാരുടെ ശമ്പളം ഈ ഹെഡ്ഡിൽ നിന്നാണ് അനുവദിക്കുന്നത്. പേ റിവിഷൻ വന്നതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 207 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ശേഷിക്കുന്ന ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമായതിനാൽ അധികതുക ആവശ്യമായി വരുന്നില്ലെന്ന് ആരോഗ്യവും കുടുംബക്ഷേമവും, ആയുഷ് എന്നീ വകുപ്പുസെക്രട്ടറിമാർ യോഗത്തിൽ വിശദീകരിച്ചു.

22-6-2021-ൽ പരിഗണിക്കാനിരുന്ന ധനാഭ്യർത്ഥന നമ്പർ XX- ശുദ്ധജലവിതരണവും ശുചീകരണവും, ധനാഭ്യർത്ഥന നമ്പർ XXX – ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളിൻമേൽ അധികതുക ആവശ്യപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത യോഗം റദ്ദ് ചെയ്യുന്നതായി സമിതി ചെയർപേഴ്സൺ അറിയിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 12.55-ന് പിരിഞ്ഞു.

## 2021 ജൂലൈ 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2021 ജൂലൈ 1-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ കോവിഡ് പ്രോട്ടോക്കോൾ മാനദണ്ഡങ്ങൾ പാലിച്ച് 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്, ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ആനുകാലിക റിപ്പോർട്ട് എന്നിവ പരിഗണിക്കുന്നതിനായി ബഹു.സമിതി ചെയർപേഴ്സൺ, ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.
2. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.
3. ശ്രീമതി സി. കെ. ആശ, എം.എൽ.എ.
4. ശ്രീ. പി. കെ. ബഷീർ, എം.എൽ. എ.
5. ശ്രീമതി ദെലീമ, എം.എൽ.എ.
6. ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.
7. ശ്രീമതി കെ. കെ. രമ, എം.എൽ. എ.
8. ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വേണുഗോപാൽ ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ലാലി വി.എസ്., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. എ. റംലാബീവി, ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ്
2. ഡോ. വി. ആർ. രാജു, ഡയറക്ടർ (ഇൻ-ചാർജ്ജ്) ഓഫ് ഹെൽത്ത് സർവ്വീസസ്
3. ശ്രീ. കെ.വി. ഉത്തമൻ, മാനേജിംഗ് ഡയറക്ടർ, ഔഷധി

4. ഡോ. പി. സുനിൽരാജ്, പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം

5. ശ്രീ. ടോണി ഡെന്നീസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഐക്കോൺസ്

6. ശ്രീമതി ഷീല പി., സീനിയർ ഫിനാൻസ് ഓഫീസർ, ഹെൽത്ത് സർവ്വീസസ്.

<u>വീഡിയോ കോൺഫറൻസിംഗ് വഴി പങ്കെടുത്ത ഉദ്യോഗസ്ഥർ</u> :

1. ഡോ.രാജൻ എൻ. ഖൊബ്രാഗഡെ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്

2. ഡോ. രത്തൻ ഖേൽക്കർ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ

3. ഡോ. ഷർമ്മിള മേരി ജോസഫ്, സെക്രട്ടറി, ആയുഷ് വകുപ്പ്

4. ഡോ.എ.കെ. മനോജ്കുമാർ, രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്

5. ഡോ. ബി. സതീശൻ, ഡയറക്ടർ, മലബാർ കാൻസർ സെന്റർ

6. ഡോ. കെ.എസ്. പ്രിയ, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

7. ശ്രീ.കെ.ജെ. ജോൺ, ഡ്രഗ്സ് കൺട്രോളർ (ഇൻ-ചാർജ്ജ്), ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്

8. ശ്രീ.ഡി. ബാലമുരളി, മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്.

സമിതി 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് പരിശോധിക്കുന്നതിനായി ചേർന്ന യോഗത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരടുകൾ പരിഗണനയ്ക്കെടുക്കുകയും കോവിഡ്-19-നുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു.

I. <u>ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണന</u>

(ഫയൽ നം.1862/സബ്.സി.എഫ്2/2020/നി.സെ.)

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേൽ ആരോഗ്യവും കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട നടപടി സ്റ്റേറ്റ്മെന്റുകൾ, ഭാരതീയ ചികിത്സാ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 40 മുതൽ 45 വരെയുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 48 മുതൽ 52 വരെയുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 64 മുതൽ 69 വരെയും സംസ്ഥാന ഔഷധസസ്യ ബോർഡുമായി ബന്ധപ്പെട്ട ഖണ്ഡിക 70 മുതൽ 72 വരെയുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ ആയുഷ് വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 46, 47 എന്നീ ശിപാർശകളിന്മേലും 53 മുതൽ ഖണ്ഡിക 63 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടിപത്രികകളും സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ആയുർവേദ, ഹോമിയോ ആശുപത്രികളിൽ ഐ.പി. കുറവായിരുന്നതിനാൽ അധിക തുക അഡീഷണൽ ആതറൈസേഷൻ വഴി ആവശ്യപ്പെട്ടിരുന്നില്ല എന്നും കോവിഡുമായി ബന്ധപ്പെട്ട് കൃത്യമായ പ്രവർത്തനങ്ങൾ വകുപ്പ് നടത്തിയിരുന്നുവെന്നും ആയുഷ് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ കഴിഞ്ഞ വർഷം ക്യാപിറ്റൽ എക്സ്പെൻ ഡിച്ചറിന് അധികമായി ലഭിക്കാത്ത തുക ഈ വർഷത്തെ ബഡ്ജറ്റ് ഔട്ട്ലേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും ആയുഷ് വകുപ്പ് സെക്രട്ടറി വിശദീകരിച്ചു. തുടർന്ന്, 2020-21 സാമ്പത്തിക വർഷത്തെ ആരോഗ്യകുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന കളിലെ ശിപാർശകളിൻമേൽ വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തിയ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

കോവിഡുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇതു സംബന്ധിച്ച് പവർപോയിന്റ് പ്രസന്റേഷൻ അവതരിപ്പിച്ചു. നമ്മുടെ സർവൈലൻസ് മെക്കാനിസം മികച്ചതായതിനാൽ രാജ്യത്തെ ആദ്യ കോവിഡ് കേസ് കേരളത്തിലാണ് കണ്ടെത്തിയതെന്നും കഴിഞ്ഞ ദിവസം വരെയുള്ള കണക്ക് പ്രകാരം ഏകദേശം 29.10 ലക്ഷം പേർക്ക് കോവിഡ് ബാധിച്ചിട്ടുണ്ടെന്നും നിലവിലെ ആക്ടീവ് കേസുകൾ 99174 -ഉം മരണനിരക്ക് 0.5 ശതമാനവും പ്രതിദിന കോവിഡ് രോഗികളുടെ എണ്ണം 12000-13000 വരെയുമാണ് എന്നും ദിവസവും ഒരു ലക്ഷത്തിലധികം സാമ്പിൾ ടെസ്റ്റിംഗ് നടത്തുന്നുണ്ട് എന്നും പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

ആദ്യഘട്ടത്തിൽ കേസ്സുകൾ കുറവായിരുന്നുവെങ്കിലും 2020 ഒക്ടോബറിൽ അൺലോക്ക് വന്നതോടുകൂടി റിപ്പോർട്ട് ചെയ്യുന്ന കേസ്സുകളുടെ എണ്ണം വർദ്ധിച്ചുതുടങ്ങിയെന്നും 2021 മാർച്ചിൽ മഹാരാഷ്ട്രയിൽ കണ്ടെത്തിയ ജനിതക വ്യതിയാനം സംഭവിച്ച വൈറസ്ബാധ കേരളത്തിലും റിപ്പോർട്ട് ചെയ്തതോടെ കേസ്സുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായി എന്നും അദ്ദേഹം വിശദീകരിച്ചു.

നിലവിൽ മൂന്നാം തരംഗം സംസ്ഥാനത്തെ ബാധിക്കാതിരിക്കുന്നതിനും അഥവാ ബാധിച്ചാലും അത് വലിയ രീതിയിലാകാതിരിക്കാനുമുള്ള ശ്രമം നടത്തിവരികയാണെന്നും 2020 ജനുവരി മുതൽ ജൂലൈ വരെ ആകെ 49 മരണമാണുണ്ടായതെന്നും അതിനുശേഷം മരണനിരക്ക് വർദ്ധിച്ചുവെന്നും അതിന്റെ കാരണം പരിശോധിച്ചു വരികയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

സംസ്ഥാനത്ത് ഇതുവരെ നടത്തിയ ടെസ്റ്റുകളുടെയും കോവിഡ് ബാധിതരുടെയും എണ്ണം, ഡെൽറ്റാ വകഭേദം സംബന്ധിച്ച കാര്യങ്ങൾ എന്നിവ വ്യക്തമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. കണക്കുപ്രകാരം ഇതുവരെ 2.29 കോടി സാമ്പിൾ ടെസ്റ്റ് ചെയ്തിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ ഒരാൾക്ക് അഞ്ച് മുതൽ പത്ത് പ്രാവശ്യം വരെ ടെസ്റ്റ് ചെയ്യുന്ന സാഹചര്യം നേരത്തെയുണ്ടായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ടി.പി.ആർ. 10.44 ശതമാനവും നാഷണൽ ആവറേജ് 2.4 ശതമാനവുമാണെന്ന കണക്ക് ശരിയാണോ എന്ന് സമിതി ആരാഞ്ഞതിന്, കേരളത്തെ അപേക്ഷിച്ച് മറ്റെല്ലാ സംസ്ഥാനങ്ങളിലും ടെസ്റ്റിംഗ് കുറവാണ് എന്നും കേരളത്തിലെ ടെസ്റ്റിംഗ് സ്ട്രാറ്റജി വ്യത്യസ്തമായതിനാലാണ് ടി.പി.ആർ. ഉയർന്നിരിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു. കൂടാതെ കേന്ദ്രമാനദണ്ഡ പ്രകാരമാണ് മറ്റ് സംസ്ഥാനങ്ങളിലെല്ലാം ടെസ്റ്റ് നടത്തുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാനാടിസ്ഥാനത്തിൽ പരിശോധിച്ചാലും ഇതര സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ ടി.പി.ആർ. കൂടുതലാണെന്നും അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ ടി.പി.ആർ. കുറഞ്ഞുവരികയാണ് എന്നും സമിതി അംഗം ചൂണ്ടിക്കാട്ടിയപ്പോൾ, കേരളത്തിൽ ടാർജറ്റ് ടെസ്റ്റിംഗ് നടത്തുന്നുണ്ടെന്നും ഒരു വ്യക്തി പോസിറ്റീവായാൽ പ്രസ്തുത വ്യക്തിയുടെ വീട്ടുകാർ, സുഹൃത്തുക്കൾ ഉൾപ്പെടെയുള്ളവരെ ടെസ്റ്റിംഗ് ചെയ്യുന്ന രീതിയാണ് ഇവിടെയുള്ളതെന്നും റാൻഡം ടെസ്റ്റ് മാത്രം നടത്തിയാൽ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് കുറയുമെന്നും ഒരാൾക്ക് കോവിഡ് പോസിറ്റീവ് ആയാൽ, അയാളിൽ നിന്നും മിനിമം 10 പേർക്കെങ്കിലും രോഗം പകരാൻ സാധ്യതയുണ്ടെന്നും അതിനാലാണ് ടാർജറ്റഡ് ടെസ്റ്റിംഗ് ഫോക്കസ് ചെയ്യുന്നതെന്നും അതുകൊണ്ടാണ് നമ്മുടെ ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് ഉയർന്നു നിൽക്കുന്നതെന്നും റാൻഡം ടെസ്റ്റ് മാത്രം നടത്തിയാൽ ടെസ്റ്റ് പോസിറ്റിവിറ്റി കുറയ്ക്കാനാകുമെന്നും സമിതി ചെയർപേഴ്സൺ വ്യക്തമാക്കി.

ലോക്ഡൗൺ കാരണം രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരമാണെന്നും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് വർദ്ധിച്ചാൽ വീണ്ടും ലോക്ഡൗണിലേക്ക് പോകേണ്ടി വരുമെന്നതിനാൽ നമ്മുടെ ഇക്കോണമി തകരാതിരിക്കാനാണ് രാജ്യത്തെ ടെസ്ററിംഗ് സ്ട്രാറ്റജി മാറ്റിയിട്ടുള്ളതെന്നും വിലയിരുത്തിയ സമിതി ജനങ്ങൾ പരിശോധനയുമായി സഹകരിക്കാത്തതു കൊണ്ടാണ് പ്രൈമറി കോൺടാക്ടിന് മാത്രം ടെസ്റ്റിംഗ് മതിയെന്ന നിർദ്ദേശം നൽകിയിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടു.

രാജ്യത്ത് കോവിഡ് പ്രോട്ടോക്കോൾ ഇല്ലാതിരുന്നപ്പോഴാണ് നമ്മുടെ സംസ്ഥാനത്ത് ആദ്യമായി കോവിഡ് കേസ് റിപ്പോർട്ട് ചെയ്തതെന്നും സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ കോവിഡ് പ്രോട്ടോക്കോൾ നന്നായി പാലിച്ചതിനാലാണ് ഫേസ് 1-ൽ കൂടുതൽ കേസുകൾ ഉണ്ടാകാതിരുന്നത് എന്നും ഫേസ് 3 ആയപ്പോൾ പഞ്ചായത്ത് തലത്തിൽതന്നെ കോവിഡ് ചികിത്സയ്ക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തിയെന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴിയും കോവിഡ് ട്രീറ്റ്മെന്റ് നൽകുന്നുണ്ടെന്നും കോവിഡ് ട്രീറ്റ്മെന്റിന്റെ ഭാഗമായി ജനപ്രതിനിധികളെ ഉൾപ്പെടുത്തി വിപുലമായ പ്രചാരണം നടത്തിവരുന്നുണ്ടെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

സംസ്ഥാനത്ത് നാളിതുവരെ 13950631 ഡോസ് വാക്സിനാണ് നൽകിയിട്ടുള്ളതെന്നും 10749887 പേർക്ക് ആദ്യഡോസ് വാക്സിൻ നൽകിയിട്ടുണ്ടെന്നും 32 ലക്ഷം പേർക്ക് മാത്രമാണ് സെക്കന്റ് ഡോസ് വാക്സിൻ നൽകാൻ കഴിഞ്ഞിട്ടുള്ളതെന്നും 18 വയസ്സിന് മുകളിലുള്ളവരിൽ ഏകദേശം 41% പേർക്ക് ആദ്യ ഡോസും 12% പേർക്ക് സെക്കന്റ് ഡോസും നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഓൾഡ് ഏജ് ഹോമിലുള്ള 22000 ആൾക്കാരിൽ 96% പേർക്ക് ആദ്യഡോസ് വാക്സിനും 21% പേർക്ക് സെക്കന്റ് ഡോസ് വാക്സിനും നൽകാൻ കഴിഞ്ഞുവെന്നും പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

കിടപ്പുരോഗികൾക്ക് പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ടീം രൂപീകരിച്ച് മെഡിക്കൽ ഓഫീസറുടെ സഹായത്തോടുകൂടി വീടുകളിലെത്തി വാക്സിനേഷൻ നൽകുന്നതിനുള്ള നിർദ്ദേശം നേരത്തേ തന്നെ നൽകിയിട്ടുണ്ടെന്നും അതനുസരിച്ച് മുഴുവൻ പേർക്കും വാക്സിനേഷൻ നൽകുന്ന നടപടി പൂർത്തിയായി വരികയാണെന്നും NHM സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

പ്രവാസികൾക്ക് വാക്സിനേഷൻ ലഭ്യമാകാത്ത സാഹചര്യം പല സ്ഥലങ്ങളിലും നിലനിൽക്കുന്നതിനാൽ സ്പോട്ട് രജിസ്ട്രേഷനിലൂടെ വാക്സിൻ നൽകാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് സമിതി അംഗം ആരാഞ്ഞതിന്, മൂന്ന് ദിവസം കോഴിക്കോട് ക്യാമ്പ് സംഘടിപ്പിച്ചിരുന്നുവെന്നും പാസ്പോർട്ട്, വിസ, ട്രാവൽ ഡോക്യുമെന്റ്സ് എന്നിവ സഹിതം ജില്ലാ മെഡിക്കൽ ഓഫീസിൽ രജിസ്റ്റർ ചെയ്താൽ വീണ്ടും വാക്സിനേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നതാണെന്നും വിദേശത്ത് പോകുന്നവരുടെ വാക്സിനേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ ഭംഗിയായാണ് മുന്നോട്ടുപോകുന്നതെന്നും സമിതി ചെയർപേഴ്സൺ വ്യക്തമാക്കി.

നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാക്സിനേഷന് മുൻഗണന നൽകുമോ എന്ന സമിതി അംഗത്തിന്റെ ചോദ്യത്തിന്, നൂറിലധികം വിഭാഗങ്ങൾക്ക് നിലവിൽ മുൻഗണന നൽകി വരുന്നുവെന്നും കേന്ദ്രത്തിൽ നിന്ന് വാക്സിൻ ലഭ്യമാക്കുന്ന മുറയ്ക്കാണ് ഇപ്പോൾ വാക്സിൻ നൽകിവരുന്നതെന്നും നേരത്തേ വാക്സിൻ ലഭ്യത കുറവായിരുന്നുവെന്നും 2021 ജൂൺ 30-ന് 6.5 ലക്ഷം ഡോസ് വാക്സിൻ വന്നിട്ടുണ്ടെന്നും സമിതി ചെയർപേഴ്സൺ മറുപടി നൽകി.

ആദ്യഡോസ് വാക്സിൻ നൽകിയവർക്ക് രണ്ടാമത്തെ ഡോസ് വാക്സിൻ നൽകുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ എന്ന് സമിതി അംഗം ആരാഞ്ഞതിന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ സോഴ്സുണ്ടെന്നും ഓരോ റീജിയണൽ സോഴ്സിൽ നിന്നും ജില്ലകൾക്കായി വാക്സിൻ അനുവദിക്കുമെന്നും ആ വാക്സിൻ എങ്ങനെ നൽകണമെന്ന സ്ട്രാറ്റജി അതത് ജില്ലാ അതോറിറ്റിക്ക് തീരുമാനിക്കാവുന്നതാണെന്നും സ്പോട്ട് രജിസ്ട്രേഷനും കേന്ദ്രമാനദണ്ഡമനുസരിച്ചുള്ള ഓൺലൈൻ രജിസ്ട്രേഷനും നിലവിലുണ്ടെന്നും സെക്കന്റ് ഡോസ് വാക്സിനെടുക്കാനുള്ളവർക്ക് സ്പോട്ട് രജിസ്ട്രേഷനിൽ മുൻഗണന നൽകുന്നുണ്ടെന്നും സമിതി ചെയർപേഴ്സൺ വിശദമാക്കി.

സൗകര്യങ്ങളുള്ള ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ, ഇതിനായി കൂടുതൽ ഫണ്ട് സ്വരൂപിക്കേണ്ടതുണ്ടെന്നും മൂന്നാം തരംഗം വന്നാൽ ഐസൊലേഷൻ നല്ല രീതിയിൽ ഫീൽഡ്തലത്തിൽ ചെയ്യണമെന്നും തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലേക്ക് ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടെന്നും പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചാൽ ഐസൊലേഷൻ കേന്ദ്രങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

മൊബൈൽ ടെന്റ് പോലെയുള്ളവയല്ല പെർമനന്റ് സ്ട്രക്ചറാണെന്നും പ്രീഫാബ്രിക്കേറ്റഡ് ഇൻഡസ്ട്രിയൽ യൂണിറ്റിലൂടെ പ്രീഫാബ് വാൾ തന്നെയാണ് നിർമ്മിക്കുന്നതെന്നും സ്റ്റീൽ ഉപയോഗിച്ച് ഓരോ സ്ട്രക്ചറും ഡിസൈൻ ചെയ്തശേഷം അതിൽ ഫിറ്റ് ചെയ്യുന്ന ആധുനിക രീതിയിലുള്ള നിർമ്മാണരീതിയാണ് ഇതെന്നും നിർമ്മാണത്തിനായുള്ള ഏജൻസിയെ ഐഡന്റിഫൈ ചെയ്തതിനുശേഷം മൂന്ന് മാസത്തിനുള്ളിൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതിയെ അറിയിച്ചു. ഇത് സംബന്ധിച്ച പ്രൊപ്പോസൽ ഈ ആഴ്ച തന്നെ സമർപ്പിക്കുന്നതാണെന്നും അതിനുശേഷം ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സമിതി ചെയർപേഴ്സൺ അറിയിച്ചു.

വണ്ടൂരിലെ ചേതന കാൻസർ ഹോമിയോ ആശുപത്രിക്ക് സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് കൂടുതലായി ലഭിക്കുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ നിലവിൽ വണ്ടൂരിലെ

എല്ലാ പ്രോജക്ടുകൾക്കും അനുമതി നൽകിയിട്ടുണ്ടെന്നും പുതിയ പ്രോജക്ടുകൾ ഉണ്ടോയെന്ന് പരിശോധിക്കുന്നതാണെന്നും വടകര മണ്ഡലത്തിൽ ഹോമിയോ ആശുപത്രി സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാമെന്നും ആയുഷ് വകുപ്പ് സെക്രട്ടറി മറുപടി നൽകി.

II. <u>2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്</u>

(ഫയൽ നമ്പർ 9282/സബ്.സി.എഫ്2/2021/നി.സെ.)

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

III. <u>2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്</u>

(ഫയൽ നമ്പർ: 8586/സബ്.സി.എഫ്2/2021/നി.സെ)

ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.35-ന് പിരിഞ്ഞു.

<u>29-10-2021 -ലെ യോഗനടപടിക്കുറിപ്പ്</u>

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2021 ഒക്ടോബർ 29-ാം തീയതി വെള്ളിയാഴ്ച സഭ പിരിഞ്ഞതിനുശേഷം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ, ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി, ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.
2. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.
3. ശ്രീ. പി. കെ. ബഷീർ, എം.എൽ. എ.
4. ശ്രീമതി ദെലീമ, എം.എൽ.എ.

5. ശ്രീമതി യു. പ്രതിഭ, എം.എൽ.എ.

6. ശ്രീമതി കെ. കെ. രമ, എം.എൽ. എ.

7. ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ലാലി വി.എസ്., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. ആശ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്

2. ഡോ. രാജൻ എൻ ഖൊബ്രാഗഡെ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യകുടുംബ ക്ഷേമ വകുപ്പ്

3. ശ്രീ.വി.ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്

4. ശ്രീ. സിദ്ധിഖ് എം.കെ., സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്

5. ഡോ.വി.ആർ.രാജു, ഡയറക്ടർ (ഇൻ-ചാർജ്ജ്) ഓഫ് ഹെൽത്ത് സർവ്വീസസ്

6. ഡോ. എ. റംലാബീവി, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ

7. ഡോ. ഹരികൃഷ്ണൻ തിരുമംഗലത്ത്, ഡയറക്ടർ ഓഫ് ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ

8. ഡോ. എം.എൻ. വിജയാംബിക, ഡയറക്ടർ ഹോമിയോപ്പതി വകുപ്പ്

9. ഡോ. കെ.എസ്. പ്രിയ, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

10. ഡോ. പി. സുനിൽരാജ്, പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

11. ശ്രീ. പ്രതാപചന്ദ്രൻ ബി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

12. ഡോ. തോമസ് മാത്യു, ജോയിന്റ് ഡയറക്ടർ, മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടറേറ്റ്

13. ശ്രീമതി നബീസ എസ്., മാനേജർ, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ

14. ശ്രീ. റിയാസ് എം., ഡെപ്യൂട്ടി രജിസ്ട്രാർ, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ

2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ, 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(1) 2021-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

നിയമഭേദഗതി കൊണ്ടുവരാനിടയായ സാഹചര്യം, ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുൻപാകെ വിശദീകരിച്ചു. തുടർന്ന് സമിതി ബില്ലിൽ താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശിക്കുകയുണ്ടായി.

ഖണ്ഡം 4

'4-ാം ഖണ്ഡത്തിൽ "4" എന്ന അക്കത്തിനു പകരം '3' എന്ന അക്കം ചേർക്കുക.'

(2) 2021 -ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 2

(എഫ്) ഇനത്തിൽ "ഇൻഡിജീനസ് " എന്ന വാക്കിനു പകരം "ഇന്ത്യൻ സിസ്റ്റംസ് ഓഫ് " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 3

(1) (1)-ാം ഉപഖണ്ഡത്തിൽ "സ്ഥാപിക്കേണ്ടതാണ് " എന്ന വാക്കിനു പകരം "സ്ഥാപിക്കേണ്ടതും അവ പൊതുവായി കേരള സംസ്ഥാന മെഡിക്കൽ കൗൺസിലുകൾ എന്നറിയപ്പെടുന്നതുമാകുന്നു" എന്ന വാക്കുകൾ ചേർക്കുക.

(2) (3)-ാം ഉപഖണ്ഡത്തിൽ (സി), (ഇ), (എഫ്) എന്നീ ഇനങ്ങളിൽ "പതിനഞ്ച് വർഷത്തെ" എന്ന വാക്കുകൾക്കു പകരം "പതിനഞ്ച് വർഷത്തിൽ കുറയാത്ത" എന്ന വാക്കുകൾ ചേർക്കുക.

(3) (3)-ാം ഉപഖണ്ഡത്തിൽ (ജി) ഇനത്തിൽ "മെഡിക്കൽ" എന്ന വാക്കിനു മുൻപായി "സംസ്ഥാനത്തെ മോഡേൺ മെഡിസിനിലെ" എന്ന വാക്കുകളും "പതിനഞ്ച് വർഷത്തെ" എന്നതിനുപകരം "പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രവർത്തന" എന്ന വാക്കുകളും ചേർക്കുക.

(4) (3)-ാം ഉപഖണ്ഡത്തിൽ (ജി) (ii) ഇനത്തിൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

(5) (4)-ാം ഉപഖണ്ഡത്തിൽ (ഡി) ഇനത്തിൽ "സംസ്ഥാനത്തെ" എന്ന വാക്കിനുശേഷം "സർക്കാർ" എന്ന വാക്ക് ചേർക്കുക.

(6) (4)-ാം ഉപഖണ്ഡത്തിൽ (ഇ) ഇനത്തിൽ "യുനാനി" എന്ന വാക്കിനുശേഷം "എന്നീ വിഭാഗങ്ങളിലെ" എന്ന വാക്കുകൾ ചേർക്കുക.

(7) (4)-ാം ഉപഖണ്ഡത്തിൽ (ജെ) (iii) ഇനത്തിൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

(8) (5)-ാം ഉപഖണ്ഡത്തിൽ (ഇ) ഇനത്തിൽ "സ്വകാര്യ" എന്ന വാക്കിനുശേഷം "/എയ്ഡഡ്/സ്വാശ്രയ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(9) (5)-ാം ഉപഖണ്ഡത്തിൽ (ജി) ഇനത്തിൽ "സർക്കാർ" എന്ന വാക്കിനു മുമ്പിലായി "സംസ്ഥാനത്തെ ഹോമിയോപ്പതിക് മെഡിസിനിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാരിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

(10) (5)-ാം ഉപഖണ്ഡത്തിൽ (ജി) (ii) ഇനത്തിൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 4

(1) 4-ാം ഖണ്ഡത്തിൽ എവിടെയെല്ലാം "(ഡി)" എന്ന അക്ഷരവും ചിഹ്നവും ഉപയോഗിച്ചിട്ടുണ്ടോ അതെല്ലാം ഒഴിവാക്കുക.

(2) 4-ാം ഖണ്ഡത്തിൽ "അതിന് യുക്തമെന്ന് കരുതാവുന്ന" എന്ന വാക്കുകൾക്കുപകരം "അതത് സംഗതി പോലെ" എന്ന വാക്കുകൾ ചേർക്കുക.

(3) 4-ാം ഖണ്ഡത്തിൽ " (4)-ാം ഉപവകുപ്പിലെ (എ), (ബി), (സി), (ഡി), (ഇ) അല്ലെങ്കിൽ (എഫ്) ഖണ്ഡമോ" എന്നീ ചിഹ്നങ്ങളും വാക്കുകളും അക്ഷരങ്ങളും ഒഴിവാക്കുക.

ഖണ്ഡം 5

'അംഗവും' എന്ന വാക്കിനുശേഷമുള്ള "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 7

(2), (3) എന്നീ ഉപഖണ്ഡങ്ങളുടെ തുടക്കത്തിൽ "കാലാവധി പൂർത്തിയാക്കി" എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 8

(1) ഒന്നാം ഉപഖണ്ഡത്തിൽ "പ്രസിഡന്റിനെ" എന്ന വാക്കിനുപകരം "പ്രസിഡന്റിനെയും വൈസ്-പ്രസിഡന്റിനെയും" എന്ന വാക്കുകൾ ചേർക്കുക.

(2) (5)-ാം ഉപഖണ്ഡത്തിൽ "വൈസ് -പ്രസിഡന്റിന്റെ സ്ഥാനം ഒഴിവുള്ളപ്പോഴോ അല്ലെങ്കിൽ വൈസ്-പ്രസിഡന്റിന് ചുമതല നിർവ്വഹിക്കാനാകാത്തപ്പോഴോ" എന്നീ വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കുക.

(3) (5)-ാം ഉപഖണ്ഡത്തിൽ "പ്രസിഡന്റിനേയോ വൈസ്-പ്രസിഡന്റിനേയോ" എന്നീ വാക്കുകൾക്ക് പകരം "പ്രസിഡന്റിനെ" എന്ന വാക്കും "പ്രസിഡന്റോ വൈസ്-പ്രസിഡന്റോ" എന്നീ വാക്കുകൾക്ക് പകരം "പ്രസിഡന്റ്" എന്ന വാക്കും ചേർക്കുക.

ഖണ്ഡം 11

(1) (എഫ്) ഇനത്തിൽ "തെരഞ്ഞെടുക്കപ്പെട്ടെങ്കിലും" എന്ന വാക്കിനുപകരം "നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള" എന്ന വാക്കുകൾ ചേർക്കുക.

(2) (ജി) ഇനത്തിൽ 'പ്രൈവറ്റ് ' എന്ന വാക്ക് വരുന്ന ഇടങ്ങളിൽ "പ്രൈവറ്റ്" എന്ന വാക്കിനുശേഷം "/എയ്ഡഡ്/സ്വാശ്രയ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡം 16

(1) (2)-ാം ഉപഖണ്ഡത്തിൽ "യാതൊരു ചർച്ചയും പാടില്ലാത്തതും ഏത് ക്രമപ്രശ്നത്തിന്മേലും പ്രസിഡന്റിന്റെ തീരുമാനം" എന്നീ വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട അംഗത്തിന്റെ വിശദീകരണത്തിനുശേഷം പ്രസിഡന്റിന് തീരുമാനം എടുക്കാവുന്നതും പ്രസ്തുത തീരുമാനം" എന്നീ വാക്കുകൾ ചേർക്കുക.

(2) (4)-ാം ഉപഖണ്ഡത്തിൽ "മാറ്റിവയ്ക്കുന്നതും" എന്ന വാക്കിനുപകരം "മാറ്റിവയ്ക്കാവുന്നതും" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 18

"എഥിക്സ് " എന്ന വാക്കിനുപകരം "എത്തിക്സ് " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 19

19-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക,

അതായത്:—

"19. രജിസ്ട്രാർ.— (1) സർക്കാർ എല്ലാ കൗൺസിലുകൾക്കും പൊതുവായി ഒരു രജിസ്ട്രാറെ നിയമിക്കേണ്ടതും അയാൾ അത്തരം കൗൺസിലുകളുടെയും 18-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന കമ്മിറ്റികളുടെയും സെക്രട്ടറി ആയിരിക്കുന്നതാണ്. സർക്കാരിന് അയാൾക്ക് അവധി അനുവദിക്കാവുന്നതും, അയാളുടെ സ്ഥാനത്ത് പ്രവർത്തിക്കുന്നതിന് ഒരാളെ നിയമിക്കാവുന്നതുമാണ്.

(2) രജിസ്ട്രാറുടെ നിയമനം നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ ആയിരിക്കേണ്ടതാണ്.".

ഖണ്ഡം 20

(1) (5)-ാം ഉപഖണ്ഡം ഒഴിവാക്കുക.

(2) (6)-ാം ഉപഖണ്ഡം (5)-ാം ഉപഖണ്ഡമായി പുനരക്കം ചെയ്യുക.

ഖണ്ഡം 21

(1) (2)-ാം ഉപഖണ്ഡത്തിൽ "ബാധകമായിട്ടുള്ള ചട്ടങ്ങളാൽ അനുശാസിക്കപ്പെടുന്നതാണ് " എന്ന വാക്കുകൾക്ക് പകരം "ചട്ടങ്ങളിൽ അനുശാസിച്ചിരിക്കുന്ന പ്രകാരമായിരിക്കുന്നതാണ്" എന്ന വാക്കുകൾ ചേർക്കുക.

(2) (3)-ാം ഉപഖണ്ഡത്തിൽ "അനുശാസിക്കപ്പെടുന്നതാണ് " എന്ന വാക്കിനുപകരം "അനുശാസിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ് " എന്ന വാക്കുകൾ ചേർക്കുക.

(3) (5)-ാം ഉപഖണ്ഡം ഒഴിവാക്കുക.

ഖണ്ഡം 24

(3)-ാം ഉപഖണ്ഡം ഒഴിവാക്കുക.

ഖണ്ഡം 25

(9)-ാം ഉപഖണ്ഡമായി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക, അതായത് :—

"(9) ഓരോ പ്രാക്ടീഷണറും ഓരോ പത്ത് വർഷത്തിലും, ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം, അവരുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.".

ഖണ്ഡം 31

(1)-ാം ഉപഖണ്ഡത്തിൽ "അല്ലാതെയുള്ള മറ്റൊരു രജിസ്റ്റേർഡ് പ്രാക്ടീഷണറും" എന്ന വാക്കുകൾക്ക് പകരം "അല്ലാതെയുള്ള മറ്റേതൊരു പ്രാക്ടീഷണറും" എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 36

36-ാം ഖണ്ഡം ഒഴിവാക്കുക.

ഖണ്ഡം 37

37-ാം ഖണ്ഡം 47-ാം ഖണ്ഡമായി പുനരക്കം ചെയ്യുക.

38 മുതൽ 46 വരെയുള്ള ഖണ്ഡങ്ങൾ

38 മുതൽ 46 വരെയുള്ള ഖണ്ഡങ്ങൾ യഥാക്രമം 36 മുതൽ 44 വരെയുള്ള ഖണ്ഡങ്ങളായി പുനരക്കം ചെയ്യുക.

ഖണ്ഡം 39 (പുനരക്കം ചെയ്ത 37-ാം ഖണ്ഡം)

39-ാം ഖണ്ഡത്തിലെ (പുനരക്കം ചെയ്ത 37-ാം ഖണ്ഡം) (1)-ാം ഉപഖണ്ഡത്തിൽ "38" എന്ന അക്കത്തിന് പകരം "36" എന്ന അക്കം ചേർക്കുക.

ഖണ്ഡം 41 (പുനരക്കം ചെയ്ത 39-ാം ഖണ്ഡം)

41-ാം ഖണ്ഡത്തിലെ (പുനരക്കം ചെയ്ത 39-ാം ഖണ്ഡം) (1)-ാം ഉപഖണ്ഡത്തിൽ "40" എന്ന അക്കത്തിന് പകരം "38" എന്ന അക്കം ചേർക്കുക.

43-ാം ഖണ്ഡം (പുനരക്കം ചെയ്ത 41-ാം ഖണ്ഡം)

43-ാം ഖണ്ഡത്തിലെ (പുനരക്കം ചെയ്ത 41-ാം ഖണ്ഡം) (1)-ാം ഉപഖണ്ഡത്തിൽ "40" എന്ന അക്കത്തിന് പകരം "38" എന്ന അക്കം ചേർക്കുക.

ഖണ്ഡം 44 (പുനരക്കം ചെയ്ത 42-ാം ഖണ്ഡം)

പുനരക്കം ചെയ്ത 42-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക,

അതായത് :—

"42. പ്രോസിക്യൂഷൻ.—ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതിന് ഏതെങ്കിലും ആളിനെതിരെ ക്രിമിനൽ നടപടികൾ ആവശ്യമാണെന്ന് ഒരു കൗൺസിലിന് അഭിപ്രായമുള്ളപ്പോൾ, അത്തരം കൗൺസിൽ പ്രമേയത്തിലൂടെ, അത്തരം ക്രിമിനൽ നടപടികൾ ആരംഭിക്കുന്നതിനുവേണ്ടതായ തീരുമാനമെടുക്കാവുന്നതാണ്.".

ഖണ്ഡം 45 (പുനരക്കം ചെയ്ത 43-ാം ഖണ്ഡം)

പുനരക്കം ചെയ്ത 43-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക,

അതായത് :—

"43. കുറ്റങ്ങൾ വിചാരണക്കെടുക്കൽ.—(1)കൗൺസിൽ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള ഒരു പരാതിയിന്മേലല്ലാതെ യാതൊരു കോടതിയും ഈ ആക്ട് പ്രകാരം ശിക്ഷിക്കപ്പെടേണ്ട ഒരു കുറ്റം വിചാരണക്കെടുക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്ട് പ്രകാരം ശിക്ഷാർഹമായ കുറ്റം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ താഴെയുള്ള ഒരു കോടതിയിൽ വിചാരണ ചെയ്യുവാൻ പാടുള്ളതല്ല.".

<u>പുതിയ ഖണ്ഡം ചേർക്കൽ</u>

നിലവിലുള്ള 46-ാം ഖണ്ഡത്തിനുശേഷം (പുനരക്കം ചെയ്ത 44-ാം ഖണ്ഡം) താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക,

അതായത് :—

"45. <u>ആക്ടിന്റെ അധിപ്രഭാവം</u>.—സംസ്ഥാനത്ത് ഒരു മെഡിക്കൽ പ്രാക്ടീഷണറെ രജിസ്റ്റർ ചെയ്യുന്ന സംഗതികളിൽ, ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അധിപ്രഭാവമുണ്ടായിരിക്കുന്നതാണ്.".

<u>പുതിയ ഖണ്ഡം ചേർക്കൽ</u>

പുനരക്കം ചെയ്ത 45-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക,

അതായത്:—

"46. <u>ചട്ടങ്ങൾ</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനത്തിലൂടെ ഈ ആക്റ്റിന്റെ എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ നിർവ്വഹിക്കേണ്ട ആവശ്യങ്ങൾക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുകളിൽ പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, സർക്കാരിന്-

(എ) തെരഞ്ഞെടുപ്പ് ഹർജികളും അംഗങ്ങളായി തെരഞ്ഞെടുപ്പിന് മൽസരിക്കുന്ന സ്ഥാനാർത്ഥികൾ കെട്ടിവയ്ക്കേണ്ടതായ തുകയും അങ്ങനെയുള്ള കെട്ടിവച്ച തുകകൾ കണ്ടുകെട്ടപ്പെടാവുന്നതിന്റെ നിബന്ധനകളും ഉൾപ്പെടെ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് അല്ലെങ്കിൽ അംഗങ്ങൾ എന്നിവരുടെ തെരഞ്ഞെടുപ്പുകളെ സംബന്ധിച്ച് :

എന്നാൽ ആവശ്യമുള്ള ഡിപ്പോസിറ്റ് പതിനായിരം രൂപയിൽ കൂടുതലാകാൻ പാടുള്ളതല്ല;

(ബി) 9-ാം വകുപ്പിൻകീഴിൽ ഒഴിവുകൾ നികത്തപ്പെടേണ്ട രീതി സംബന്ധിച്ച്;

(സി) 17-ാം വകുപ്പിൻകീഴിൽ ഓരോ കൗൺസിലിന്റെയും പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും മറ്റ് അംഗങ്ങൾക്കും നൽകേണ്ടതായ ഫീസും മറ്റ് ബത്തകളും സംബന്ധിച്ച് ;

(ഡി) 20-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിൻകീഴിലുള്ള രജിസ്റ്ററുകളുടെ രൂപവും അതിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങളും സംബന്ധിച്ച്;

(ഇ) 21-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുന്ന രീതി സംബന്ധിച്ച്;

(എഫ്) 21-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കുകയോ ജോലിക്കെടുക്കുകയോ ചെയ്യുന്ന അത്തരത്തിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതിനും പിരിച്ചുവിടുന്നതിനും ഡിസ്ചാർജ് ചെയ്യുന്നതിനും നീക്കം ചെയ്യുന്നതിനും രജിസ്ട്രാർക്കുള്ള അധികാരം സംബന്ധിച്ച്;

(ജി) ഈ ആക്റ്റിൻകീഴിൽ സ്വീകരിക്കുന്ന അപേക്ഷാ ഫീസുകളും മറ്റ് തുകകളും സംബന്ധിച്ച്;

(എച്ച്) 25-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൻകീഴിലുള്ള അപേക്ഷാ ഫോറവും ഫീസും സംബന്ധിച്ച്;

(ഐ) 25-ാം വകുപ്പിലെ (6)-ാം ഉപവകുപ്പിൻകീഴിൽ നൽകേണ്ടതായ സർട്ടിഫിക്കറ്റിന്റെ രൂപവും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും സംബന്ധിച്ച്;

(ജെ) 25-ാം വകുപ്പിലെ (9)-ാം ഉപവകുപ്പിൻകീഴിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച്;

(കെ) 35-ാം വകുപ്പിൻകീഴിൽ ഓരോ കൗൺസിലിന്റെയും തീരുമാനങ്ങളിന്മേൽ സർക്കാരിന് അപ്പീൽ നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമം സംബന്ധിച്ച്;

(എൽ) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ആവശ്യങ്ങൾക്കായി അനിവാര്യമായേക്കാവുന്ന മറ്റ് എല്ലാ സംഗതികളും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

"(3) ഈ ആക്റ്റിൻപ്രകാരം ഉണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ മുമ്പാകെ നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.".

ഖണ്ഡം 47

നിലവിലുള്ള (47)-ാം ഖണ്ഡത്തിനെ 48-ാം ഖണ്ഡമായി പുനരക്കം ചെയ്യുകയും (2)-ാം ഉപഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കേണ്ടതുമാണ്.

(2) ഈ ആക്റ്റിന്റെ പ്രാബല്യത്തീയതി മുതൽ, 1956-ലെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്റ്റ് (1956-ലെ 37-ാം കേന്ദ്ര ആക്റ്റ്)-ൽ പരാമർശിച്ചിരിക്കുന്ന മലബാർ ജില്ലയിൽ ബാധകമായ 1914-ലെ മദ്രാസ് മെഡിക്കൽ രജിസ്ട്രേഷൻ ആക്റ്റ് (1914-ലെ IV-ാം നമ്പർ ആക്റ്റ്) പ്രസ്തുത പ്രദേശത്ത് ബാധകമായിരിക്കുന്നതല്ല.

(3) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് (1953-ലെ ആക്റ്റ് IX), 1956-ലെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്റ്റിൽ (1956-ലെ 37-ാം കേന്ദ്ര ആക്റ്റ്) പരാമർശിച്ചിരിക്കുന്ന മലബാർ ജില്ലയിൽ ബാധകമായ 1914-ലെ മദ്രാസ് മെഡിക്കൽ രജിസ്ട്രേഷൻ ആക്റ്റ് (1914-ലെ IV-ാം നമ്പർ ആക്റ്റ്), 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ് (2021-ലെ 115-ാം നമ്പർ ഓർഡിനൻസ്) എന്നിവയ്ക്ക് കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.".

ഖണ്ഡങ്ങൾ 48,49

നിലവിലുള്ള 48-ഉം 49-ഉം ഖണ്ഡങ്ങൾ ഒഴിവാക്കുക.

പട്ടിക

'അംഗീകൃത യോഗ്യതകൾ,'-ലെ

(i) എ ഇനത്തിൽ "മുമ്പ് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്റ്റ്, 1956 (1956-ലെ ആക്റ്റ് നമ്പർ 102) ആയിരുന്ന" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ഒഴിവാക്കുക;

(ii) ബി ഇനത്തിൽ "ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ ആക്റ്റ്, 1970 (1970-ലെ നമ്പർ 48)" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ആക്റ്റ്, 2020 (2020-ലെ നമ്പർ 14)" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക;

(iii) സി ഇനത്തിൽ "ഹോമിയോപ്പതിക് സെൻട്രൽ കൗൺസിൽ ആക്റ്റ്, 1973 (കേന്ദ്ര ആക്റ്റ് 1973-ലെ 59) " എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി ആക്റ്റ്, 2020 (2020-ലെ നമ്പർ 15)" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

താഴെപ്പറയുന്ന അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

1. ശ്രീ. എ.പി. അനിൽ കുമാർ, എം.എൽ.എ.

2. ശ്രീ. പി.കെ. ബഷീർ, എം.എൽ.എ.

3. ശ്രീമിതി കെ.കെ. രമ, എം.എൽ.എ.

യോഗം ഉച്ചയ്ക്കുശേഷം 2.40 ന് പിരിഞ്ഞു.

## 15-3-2022-ലെ യോഗനടപടിക്കുറിപ്പ്

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, 2022 മാർച്ച് മാസം 15-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം 2.55-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ആരോഗ്യവും-വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീമതി ഒ.എസ്. അംബിക, എം.എൽ.എ.
2. ശ്രീ. എ.പി. അനിൽ കുമാർ, എം.എൽ.എ.
3. ശ്രീമതി സി.കെ. ആശ, എം.എൽ.എ.
4. ശ്രീ. പി.കെ. ബഷീർ, എം.എൽ.എ.
5. ശ്രീമതി ദെലീമ, എം.എൽ.എ.
6. ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ.
7. ശ്രീമതി കെ.കെ. രമ, എം.എൽ.എ.
8. ഡോ. സുജിത് വിജയൻപിള്ള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വേണുഗോപാൽ ആർ., ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. രാജൻ എൻ. ഖൊബ്രാഗഡെ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
2. ഡോ. വി.ആർ. രാജു, ഡയറക്ടർ (ഇൻ ചാർജ്ജ്) ഓഫ് ഹെൽത്ത് സർവ്വീസസ്
3. ഡോ. ഹരികൃഷ്ണൻ തിരുമംഗലത്ത്, ഡയറക്ടർ ഓഫ് ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ
4. ഡോ. എം.എൻ. വിജയാംബിക, ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
5. ഡോ. കെ.എസ്. പ്രിയ, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
6. ശ്രീ. പി.എം. ജയൻ, ഡ്രഗ്സ് കൺട്രോളർ (ഇൻ-ചാർജ്ജ്)
7. ശ്രീമതി സന്ധ്യ എസ്., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. ബി. സുരേന്ദ്രൻപിള്ള, അഡീഷണൽ സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
9. ശ്രീ. ദിലീപ് സി.ഡി., ജോയിന്റ് സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്
10. ശ്രീ. വിജയകുമാർ എസ്. , ജോയിന്റ് സെക്രട്ടറി, ആയുഷ് വകുപ്പ്
11. ഡോ. രമേശ് ആർ., പ്രോജക്ട് ഡയറക്ടർ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി
12. ശ്രീമതി രശ്മി മാധവൻ, ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി
13. ശ്രീ. ഹരികുമാർ, എ.എസ്., ഡെപ്യൂട്ടി സെക്രട്ടറി, ആയുഷ് വകുപ്പ്.

<u>ഗൂഗിൾ മീറ്റ് വഴി പങ്കെടുത്ത ഉദ്യോഗസ്ഥർ</u> :

1. ഡോ. ആശ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

2 ഡോ. എ. റംലാ ബീവി, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ.

വിവിധ കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I.കരട് ചട്ടങ്ങൾ

1. കേരള ഹെൽത്ത് സർവീസസ് (മെഡിക്കൽ ഓഫീസേഴ്സ്) സ്പെഷ്യൽ റൂൾസ് ഭേദഗതി ചട്ടം 2020-ന്റെ കരട്

(ഫയൽ നമ്പർ 2225/സബ്.സി.എഫ് 2/2020/നി.സെ.)

പ്രസ്തുത കരട് ചട്ടത്തിലെ Rules-1 short title and commencement (1)-ൽ പ്രതിപാദിച്ചിരിക്കുന്ന 2020 എന്നത് 2022 എന്നാക്കണം എന്ന് സമിതി നിർദ്ദേശിച്ചു.

കേരള ഹെൽത്ത് സർവീസസ് (മെഡിക്കൽ ഓഫീസേഴ്സ്) സ്പെഷ്യൽ റൂൾസിൽ, ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ വിശേഷാൽ ചട്ടങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി എന്ന കേഡർ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യുന്നതിന് കരട് ചട്ടം സബ്ജക്ട് കമ്മിറ്റി മുൻപാകെ സമർപ്പിച്ചിരുന്നു എന്നും ആയത് നിയമസഭാ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി പരിശോധിച്ച് അപ്രൂവ് ചെയ്യുകയും പ്രസ്തുത പ്രൊപ്പോസൽ പി.എസ്.സി.-ക്ക് അയയ്ക്കുകയും പി.എസ്.സി.-യിൽ നിന്നും അംഗീകാരം ലഭിച്ചതിനുശേഷം നോട്ടിഫിക്കേഷൻ തയ്യാറാക്കുന്നതാണ് എന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

Cadre Management for Health Services എന്നത് ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ ഉന്നയിച്ച പൊതുവായ വിഷയമായിരുന്നുവെന്നും ബഹു. സമിതി ചെയർപേഴ്സൺ കഴിഞ്ഞ അസംബ്ലി സെഷനിൽ സൂചിപ്പിച്ചിരുന്നതായും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. Medical, Public Health, Speciality, Super Speciality എന്നിങ്ങനെയുള്ള നാല് കേഡറുകളാണ് ഹെൽത്ത് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ശാസ്ത്രീയമായ വിവരങ്ങൾ കൂടി പരിശോധിച്ചിട്ടാണ് Cadre Management -ൽ ഭേദഗതി വരുത്തുന്നതെന്നും ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം ഇനിയും കാര്യക്ഷമമായിരിക്കുമെന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത കരട് ചട്ടം സമിതി അംഗീകരിച്ചു.

2. ഭാരതീയ ചികിത്സാ വകുപ്പിലെ സബോർഡിനേറ്റ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചട്ടത്തിന്റെ കരട്

(ഫയൽ നമ്പർ 18839/സബ്.സി.എഫ് 2/2021/നി.സെ.)

പ്രസ്തുത കരട് ചട്ടം ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

3. ഭാരതീയ ചികിത്സാ വകുപ്പ് സ്പെഷ്യൽ റൂൾസിൽ ചട്ടം 4-ലെ യൂണിറ്റ് III-ന്മേലുള്ള ഭേദഗതി ചട്ടത്തിന്റെ കരട്.

(ഫയൽ നമ്പർ 19372/സബ്.സി.എഫ് 2/2021/നി.സെ.)

കരട് ചട്ടം ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

4. <u>കേരള ഹ്യൂമൻ ഇമ്മ്യൂണോ ഡെഫിഷ്യൻസി വൈറസ് ആന്റ് അക്വയേർഡ് ഇമ്മ്യൂൺ ഡെഫിഷ്യൻസി സിൻഡ്രോം റൂൾസിന്റെ കരട്</u>

(ഫയൽ നമ്പർ 20803 /സബ്.സി.എഫ് 2/2021/നി.സെ.)

പ്രസ്തുത കരട് ചട്ടം സമിതി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. കരട് ചട്ടത്തെക്കുറിച്ചുള്ള വിവരങ്ങൾ ആരോഗ്യകുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ചട്ടത്തിൽ എച്ച്.ഐ.വി.-യെ സംബന്ധിച്ചാണ് സൂചിപ്പിച്ചിട്ടുള്ളത്. ഹ്യൂമൻ ഇമ്മ്യൂണോ ഡെഫിഷ്യൻസി വൈറസ് ആൻഡ് അക്വയേർഡ് ഇമ്മ്യൂൺ ഡെഫിഷ്യൻസി സിൻഡ്രോം (പ്രിവൻഷൻ ആന്റ് കൺട്രോൾ) ആക്റ്റ് (കേന്ദ്ര ആക്റ്റ്, 2017) 2019 സെപ്റ്റംബർ 10-ലാണ് നിലവിൽ വന്നത്. 2030-ഓടെ എയ്ഡ്സ് രോഗം നിർമ്മാർജ്ജനം ചെയ്യുക എന്നതാണ് ഈ ആക്റ്റിന്റെ ലക്ഷ്യം. ഒരു കേന്ദ്രനിയമം പ്രാബല്യത്തിൽ വരുമ്പോൾ ആയത് നടപ്പിലാക്കുന്നതിനായി അതത് സംസ്ഥാനങ്ങൾ യഥാസമയം നിയമനിർമ്മാണം നടത്തേണ്ടതുണ്ട്. പ്രസ്തുത ആക്റ്റിലെ 49-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഓരോ സംസ്ഥാനവും കരട് ചട്ടങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. പ്രസ്തുത വ്യവസ്ഥപ്രകാരം കരട് ചട്ടം തയ്യാറാക്കി നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കഴിഞ്ഞ നാല് പതിറ്റാണ്ടായി കേരളത്തിൽ എച്ച്.ഐ.വി. വ്യാപനം കുറവാണെന്നും എച്ച്.ഐ.വി. ടെസ്റ്റ് ചെയ്യുന്നതിനു മുമ്പ് അയാളുടെ സമ്മതപത്രം വാങ്ങാറുണ്ടെന്നും കേന്ദ്ര ആക്റ്റ് നിലവിൽ വന്നപ്പോൾ തന്നെ സംസ്ഥാനത്തും നിയമനിർമ്മാണം നടപ്പിലാക്കേണ്ടതായിരുന്നുവെങ്കിലും നിയമനിർമ്മാണം സംബന്ധിച്ച കാര്യങ്ങളെല്ലാം നിലവിൽ സ്വീകരിച്ചിട്ടുണ്ട് എന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ വിഷയം സംബന്ധിച്ച Central Act പ്രകാരം സംസ്ഥാനങ്ങളിൽ Ombudsman തസ്തിക സൃഷ്ടിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട് എന്നും ചില സംസ്ഥാനങ്ങളിൽ രോഗികളോട് വിവേചനപരമായി പെരുമാറുന്നതായുള്ള പരാതികൾ ഉയർന്നുവന്ന സാഹചര്യത്തിലാണ് കേന്ദ്ര ആക്റ്റിൽ Ombudsman തസ്തികയെക്കുറിച്ച് പറയുന്നതെന്നും മറ്റെല്ലാ സംസ്ഥാനങ്ങളിലും ഇത് നിലവിലുണ്ടെന്നും ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടർ (വിജിലൻസ്) തസ്തികയിലുള്ള ഓഫീസറെ Ombudsman ആയി നിയമിച്ചാൽ സർക്കാരിന് അധികചെലവ് വരില്ല എന്നും ആവശ്യമുള്ളപക്ഷം റിട്ടയേർഡ് ജഡ്ജിയെ Ombudsman ആയി നിയമിക്കാവുന്നതാണ് എന്നും അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-നെ Ombudsman ആയി നിയമിക്കുന്ന കാര്യം ശിപാർശയായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത കരട് ചട്ടം ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

II. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

5. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 22, 25, 26, 30-45 വരെയുള്ള ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ (ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം)

(ഫയൽ നമ്പർ 3627/സബ്.സി.എഫ് 2/2019/നി.സെ.)

ഖണ്ഡിക നമ്പർ 22

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 22-ന്മേൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുൻപാകെ വിശദീകരണം നൽകി. മെഡിക്കൽ സർവ്വകലാശാലയുടെ ശമ്പളയിനത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 8.26 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു എന്നും 2019-20 സാമ്പത്തിക വർഷം Non-Plan Salary ഇനത്തിൽ വകയിരുത്തിയിരുന്നത് 2.20 കോടി രൂപയായിരുന്നുവെന്നും അതിന്റെ 50 ശതമാനം 2019 ഡിസംബർ മാസം അനുവദിച്ചിരുന്നുവെന്നും അതിനുശേഷം ചെലവാക്കിയ തുകയുടെയും തുടർന്ന് ആവശ്യമായി വരുന്ന തുകയുടെയും Own- fund -ൽ നിന്നും ഇതുവരെ ചെലവായ തുകയുടെയും വിശദാംശങ്ങൾ Utilization Certificate സഹിതം ലഭ്യമാക്കിയ സമയത്ത് ബാക്കി 50 ശതമാനം കൂടി അനുവദിക്കുകയുണ്ടായി എന്നും ആരോഗ്യകുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ഖണ്ഡിക 22, 25, 26, 30-45 വരെയുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

തുടർന്ന് സമിതി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട നിരവധി അടിയന്തരകാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. 2017-ൽ ആർദ്രം പദ്ധതി നടപ്പിലാക്കിയപ്പോൾ സൃഷ്ടിച്ച cadre തസ്തികകൾ, ആരംഭിക്കാനുദ്ദേശിക്കുന്ന കാത്ത് ലാബുകൾ, പുതിയ ഐസൊലേഷൻ വാർഡുകൾ, താലൂക്കാശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ സ്പെഷ്യലിസ്റ്റ് വിഭാഗം, ആർ.സി.സി.യുടെ കീഴിലെ മൂന്ന് ട്രിപ്പിൾ കെയർ സെന്ററുകൾ, ഡയാലിസിസ് ടെക്നീഷ്യൻമാരുടെ അപര്യാപ്തത, നൈറ്റ് പോസ്റ്റുമോർട്ടം മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള നടപടി, പെരിറ്റോണിയൽ ഡയാലിസിസ് സംവിധാനം (വീടുകളിൽ തന്നെ ഡയാലിസിസ് ചെയ്യുന്നതിനുള്ള സംവിധാനം) എന്നിവയും ബഹു. സമിതി അദ്ധ്യക്ഷ അംഗങ്ങളുമായി ചർച്ച ചെയ്തു.

6. 2018-19 സാമ്പത്തിക വർഷത്തെ ആയുഷ് വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ടിൻമേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 7/സബ്.സി.എഫ് 2/2019/നി.സെ.)

ആയുഷ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

III <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ</u>

7. <u>കേരള മെഡിക്കൽ എഡ്യൂക്കേഷൻ സ്പെഷ്യൽ റൂൾസ് സംബന്ധിച്ച്.</u>

(ഫയൽ നമ്പർ 11784/സബ്.സി.എഫ് 2/2011/നി.സെ.)

കേരള മെഡിക്കൽ എഡ്യൂക്കേഷൻ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി 2017 മുതൽ ആരംഭിച്ചിരുന്നുവെന്നും ഇത് സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി കരട് സ്ക്രൂട്ടിനിയ്ക്കായി പി. & എ.ആർ.ഡി.-ക്ക് കൈമാറുകയും അവരുടെ നിർദ്ദേശപ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയതിനുശേഷം കരട് ചട്ടം നിയമവകുപ്പിന്റെ പരിശോധനയെ തുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷന് അയച്ചുകൊടുത്തിട്ടുണ്ടെന്നും 2019 ലും 2021-ലും പി.എസ്.സി. നിർദ്ദേശിച്ച പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി കരട് ചട്ടം തയ്യാറാക്കിയതായും ആരോഗ്യകുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ 2020-ൽ ബ്രോഡ് സ്പെഷ്യാലിറ്റീസിന്റെ ക്വാളിഫിക്കേഷൻസ് പുതുക്കി നാഷണൽ മെഡിക്കൽ കൗൺസിൽ പുതുക്കിയ വിജ്ഞാപനമിറക്കിയതിനാൽ കരട് സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തേണ്ടതായി വന്നുവെന്നും ആയതിന്റെ ക്ലാരിഫിക്കേഷൻ നാഷണൽ മെഡിക്കൽ കൗൺസിലിനോട് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ലെന്നും വീണ്ടും എൻ.എം.സി.-യുടെ ക്ലാരിഫിക്കേഷനുവേണ്ടി കാത്തിരിക്കാതെ സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കാൻ ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനമെടുത്തതായും ഇതുപ്രകാരമുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണെന്നുള്ള വിവരങ്ങൾ അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നാഷണൽ മെഡിക്കൽ കൗൺസിലിന്റെ റിപ്പോർട്ടിനുവേണ്ടി ഒരു വർഷം കാത്തിരുന്നിട്ടും റിപ്പോർട്ട് ലഭ്യമാകാത്ത സാഹചര്യത്തിലാണ് ഇതുമായി വീണ്ടും മുന്നോട്ട് പോകുവാനുള്ള നടപടികൾ സ്വീകരിച്ചതെന്നും എത്രയും പെട്ടെന്ന് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും ബഹു. സമിതി ചെയർപേഴ്സൺ നിർദ്ദേശിച്ചതിന് ഇതുമായി ബന്ധപ്പെട്ട നടപടി അവസാന ഘട്ടത്തിലാണെന്നും രണ്ട് ദിവസത്തിനകം ലഭ്യമാക്കാമെന്നും ഡി.എം.ഇ. സമിതിക്ക് ഉറപ്പുനൽകി.

8. <u>കേരള ഡ്രഗ്സ് കൺട്രോൾ സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 5065/സബ്.സി.എഫ് 2/2018/നി.സെ.)

ഡ്രഗ്സ് കൺട്രോൾ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി സംബന്ധിച്ച കരട് ചട്ടം നാളിതുവരെ സമിതിക്ക് ലഭ്യമാക്കാത്തതിന്റെ കാരണം ബഹു. സമിതി

ചെയർപേഴ്സൺ വകുപ്പിനോട് ആരാഞ്ഞതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ സാമ്പിൾ വാർഡൻ, സൂപ്രണ്ട് എന്നീ രണ്ട് തസ്തികകൾ ക്ലറിക്കൽ കാറ്റഗറിയിലെ പ്രൊമോഷൻ പോസ്റ്റുകളാണെന്നും ഇതേ വകുപ്പിലെ ലബോറട്ടറി ജീവനക്കാർക്കും പ്രസ്തുത തസ്തികകളിലേയ്ക്ക് പ്രവേശനം വേണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നതിനാൽ അവരെക്കൂടി പരിഗണിച്ചുകൊണ്ടുള്ള പ്രൊപ്പോസലാണ് വച്ചിട്ടുള്ളതെന്നും അതിനുവേണ്ടുന്ന കാലതാമസമുണ്ടായെന്നും ഡ്രഗ്സ് കൺട്രോളർ (ഇൻ-ചാർജ്ജ്) സമിതിയെ ബോധിപ്പിച്ചു.

ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസം ഒഴിവാക്കണമെന്ന് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുണ്ടെന്നും ആയതിനാൽ കരട് ചട്ടം അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചതിന് കരട് ചട്ടം തൊട്ടടുത്ത ദിവസംതന്നെ ലഭ്യമാക്കാമെന്ന് ഡ്രഗ്സ് കൺട്രോളർ (ഇൻ-ചാർജ്ജ്) സമിതിക്ക് ഉറപ്പുനൽകി.

യോഗം ഉച്ചയ്ക്ക് ശേഷം 3.30- ന് പിരിഞ്ഞു.